15
ജൂൺ
ഞായർ 2025
1200 മിഥുനം 01
Vol 07 Issue No 315

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

# തീമഴ പെയ്ത രാത്രി

## തുടർച്ചയായ രണ്ടാം രാത്രിയും ഇസ്രയേലി നഗരങ്ങൾക്കുമേൽ ഇറാന്റെ മിസൈൽ വർഷം; ഇറാൻ ഇസ്രയേൽ ഏറ്റുമുട്ടൽ

**തെഹ്റാൻ:** ഇറാൻ ഇസ്രയേൽ ഏറ്റുമുട്ടൽ രൂക്ഷമായി തുടരുന്നു. തുടർച്ചയായ രണ്ടാം രാത്രിയും ഇസ്രയേലി നഗരങ്ങൾക്കുമേൽ ഇറാന്റെ മിസൈൽ വർഷം ഉണ്ടായി. ഒരു സ്ത്രീ കൊല്ലപ്പെട്ടു. ഇസ്രായേലി നഗരങ്ങളിൽ നിരവധി പേർക്ക് പരിക്കേറ്റു. അതേസമയം ഇറാന്റെ എണ്ണപ്പാടങ്ങളിൽ അടക്കം ഇസ്രയേൽ കനത്ത ആക്രമണം നടത്തി. ഇറാൻ തലസ്ഥാനമായ തെഹ്റാനിൽ വ്യാപക നാശമുണ്ട്. ഇറാനിലെ ബന്ദർ അബ്ബാസിലും ഇസ്രയേൽ ആക്രമണം നടത്തി. ഇന്നലെ രാത്രിയാണ് ഇറാനിയൻ നാവികസേനയുടെ പ്രധാന കേന്ദ്രമായ ബന്ദർ അബ്ബാസിൽ ഇസ്രയേൽ ആക്രമണം നടത്തിയത്. എന്നാൽ മണിക്കൂറുകൾക്കുള്ളിൽ തിരിച്ചടി നൽകുമെന്ന് ഇറാൻ പ്രതികരിച്ചു. വ്യോമപ്രതിരോധ സംവിധാനം പൂർണ സജ്ജമെന്ന് ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇറാനിലെ എണ്ണപ്പാടവും ഇസ്രായേൽ ആക്രമിച്ചിരുന്നു. ബുഷഹർ പ്രവിശ്യയിലെ പാർസ് റിഫൈനറിയാണ് ആക്രമിക്കപ്പെട്ടത്. ലോകത്തേറ്റവും വലിയ ഗ്യാസ് ഫീൽഡിലൊന്നാണിത്.

**ഇന്ത്യ കടുത്ത ആശങ്കയിൽ**

ഇറാൻ ഇസ്രയേൽ സംഘർഷം കടുക്കുന്നതിൽ കടുത്ത ആശങ്കയിലാണ് ഇന്ത്യ. വലിയ യുദ്ധമായി ഇസ്രയേൽ ഇറാൻ സംഘർഷം മാറുമോ എന്നാണ് ഇന്ത്യയുടെ ആശങ്ക. ഇറാൻ വ്യോമമേഖല അടച്ചത് പോലും ഇന്ത്യയെ ബാധിച്ചിരിക്കുകയാണ്. ഇരുരാജ്യങ്ങളും ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കണം എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ വിളിച്ച ബഞ്ചമിൻ നെതന്യാഹുവിനെ അറിയിച്ചത്. സംഘർഷം അവസാനിപ്പിക്കണമെന്ന നിലപാട് പ്രധാനമന്ത്രി നരേന്ദ്ര മോദി ജി ഏഴ് ഉച്ചകോടിക്കിടെ നടക്കുന്ന കൂടിക്കാഴ്ചകളിൽ അറിയിക്കും. ഇസ്രയേലിലേയും ഇറാനിലേയും ഇന്ത്യൻ പൗരൻമാർക്ക് ജാഗ്രത പാലിക്കാനുള്ള നിർദ്ദേശം വിദേശകാര്യമന്ത്രാലയം നൽകി. വെള്ളിയാഴ്ച്ച നടന്ന ഇറാന്റെ പ്രത്യാക്രമണത്തിൽ ഒമ്പത് ഇസ്രയേലികൾ കൊല്ലപ്പെട്ടതായി ഏറ്റവും പുതിയ റിപ്പോർട്ടുകൾ. ഏകദേശം 166 പേർക്ക് പരിക്കേറ്റതായും പറയുന്നു. വൃദ്ധരും കുട്ടികളുമടക്കം കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് വിവരം. വെള്ളിയാഴ്ച്ച പുലർച്ചെ ഇസ്രയേൽ ടെഹ്റാനിൽ അടക്കം നടത്തിയ വ്യോമാക്രമണം വൻനാശനഷ്ടം ഇറാന് ഉണ്ടാക്കിയിരുന്നു. അവരുടെ സൈനിക തലവന്മാരും ആണവ ശാസ്ത്രജ്ഞരുമടക്കം കൊല്ലപ്പെട്ടിരുന്നു. ഇറാന്റെ ആണവ കേന്ദ്രങ്ങളും പ്രതിരോധമന്ത്രാലയവും ആക്രമിച്ചുവെന്നാണ് ഇസ്രയേൽ അവകാശപ്പെടുന്നത്. അതേ ദിവസം തന്നെ രാത്രിയിൽ ഇറാൻ 100 ഓളം റോക്കറ്റുകളും മിസൈലുകളും അയച്ച് പ്രത്യാക്രമണം നടത്തിയിരുന്നു. ഇസ്രയേൽ പ്രതിരോധ സംവിധാനങ്ങളെ തകർക്കാൻ ഇറാന് കഴിഞ്ഞുവെന്നാണ് അവിടെ നിന്നും പുറത്തു വരുന്ന നാശനഷ്ടങ്ങളുടെയും മരണങ്ങളുടെയും കണക്കുകൾ തെളിയിക്കുന്നത്. ഇസ്രയേലിലെ വെയ്സ്മാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ വ്യോമാക്രമണം നടത്തിയതായും ഇറാൻ അവകാശപ്പെടുന്നുണ്ട്. സ്ഫോടനത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വന്നിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സ്ഥിരീകരണം വന്നിട്ടില്ല. ഇറാൻ ആണവ ശാസ്ത്രജ്ഞരെ ഇസ്രയേൽ വധിച്ചതിനുള്ള പ്രതികരണമായാണ് ആക്രമണം നടത്തിയതെന്നാണ് ഇറാൻ സ്റ്റേറ്റ് മീഡിയയിലെ റിപ്പോർട്ടുകൾ പറയുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാമ്പസിലെ ഒരു ലബോറട്ടറി കെട്ടിടത്തിന് തീപിടിച്ചതായി വാർത്തകളുണ്ട്. എന്നാൽ അപകടത്തിന്റെ വ്യാപ്തിയോ മറ്റ് നാശനഷ്ടങ്ങളോ അറിവായിട്ടില്ല. ടെൽ അവീവിൽ നിന്ന് ഏകദേശം 23 കിലോമീറ്റർ തെക്കുകിഴക്കായി റെഹോവോട്ടിലാണ് പ്രസ്തുത വെയ്സ്മാൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്നത്. ഇസ്രയേലിലെ മുൻനിര സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ് പുറത്തു വന്ന ചിത്രങ്ങൾ പരിശോധിച്ച് ദി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്. ഭൗതികശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം, കമ്പ്യൂട്ടർ സയൻസ്, ഗണിതം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ലോകപ്രശസ്തമായ ഒരു ബഹുമുഖ ഗവേഷണ സ്ഥാപനമാണ് വെയ്സ്മാൻ ഇൻസ്റ്റിറ്റ്യൂട്ട്. ഇസ്രയേൽ രാജ്യം സ്ഥാപിക്കപ്പെടുന്നതിനും പതിനാല് വർഷങ്ങൾക്ക് മുമ്പ്, 1934 ൽ സ്ഥാപിതമായതാണിത്. ഇസ്രയേലിന്റെ അഭിമാനസ്തംഭങ്ങളിൽ ഒന്നിൽ തന്നെ ആക്രമിക്കാൻ കഴിഞ്ഞുവെന്നാണ് ഇറാന്റെ അവകാശവാദം. ഇസ്രയേലിന്റെ വ്യോമ പ്രതിരോധ സംവിധാനത്തെ തകർത്ത് നിരവധി മിസൈലുകളാണ് ടെൽ അവീവിലെ റെഹോവോട്ടിലും ബാറ്റ് യാമിലും ആക്രമണം നടത്തിയത്. 69 വയസ്സുള്ള ഒരു സ്ത്രീയും 80 വയസ്സുള്ള ഒരു സ്ത്രീയും 10 വയസ്സുള്ള ഒരു ആൺകുട്ടി ഉൾപ്പെടെ രണ്ട് കുട്ടികളും ഈ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. ഡസൻ കണക്കിന് ആളുകളെ ഇപ്പോഴും അവശിഷ്ടങ്ങൾക്കിടയിൽ കാണാതായിട്ടുണ്ടെന്നും വിവരമുണ്ട്. ഡസൻ കണക്കിന് സിവിലിയൻ മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും മൂന്നെണ്ണം ഒഴികെ ബാക്കിയുള്ളവ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ലെന്നായിരുന്നു ഇസ്രയേലി പോലീസ് സോഷ്യൽ മീഡിയ വഴി ആദ്യം അറിയിച്ചിരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ നൽകാൻ അവർ തയ്യാറായതുമില്ല. എന്നാൽ ഇപ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിടുന്ന ഏറ്റവും പുതിയ വിവരങ്ങളിൽ ഒമ്പത് മരണം ഇസ്രയേലിൽ നടന്നിട്ടുണ്ട്. അതേസമയം, ഇറാൻ ആരോപിക്കുന്നത് ഇസ്രയേലിന്റെ വ്യോമാക്രമണത്തിൽ തങ്ങളുടെ 78 പേർ കൊല്ലപ്പെട്ടുവെന്നാണ്. മിസൈൽ ആക്രമണത്തിൽ 14 നില കെട്ടിടം തകർന്ന്



60 സാധാരണക്കാർ കൊല്ലപ്പെട്ടുവെന്നാണ് ഇറാൻ ആരോപിക്കുന്നത്. ഇതിൽ 29 പേർ കുട്ടികളായിരുന്നുവെന്നും പറയുന്നു. ഇറാനിലെ രണ്ട് എണ്ണ ശുദ്ധീകരണ ശാലകൾ ആക്രമിച്ചതായും ഇസ്രയേൽ അവകാശപ്പെട്ടിട്ടുണ്ട്. ഒന്ന് ഷഹ്റാനിലെയും മറ്റൊന്ന് തെക്കൻ ടെഹ്റാനിലെയും എന്നാണ് വിവരം. ഇസ്രയേലി ആക്രമണത്തിൽ ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖൊമേനിയുടെ ഉന്നത ഉപദേശകൻ അലി ഷംഖാനിയും കൊല്ലപ്പെട്ടു. വെള്ളിയാഴ്ച്ച നടന്ന ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ഷംഖാനി അവിടെവച്ചാണ് മരണമടയുന്നതെന്നാണ് ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. കിഴക്കൻ അസർബൈജാൻ പ്രവിശ്യയിൽ വെള്ളിയാഴ്ച ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ കുറഞ്ഞത് 30 സൈനികർ കൊല്ലപ്പെട്ടതായി ഇറാൻ അധികൃതർ പറഞ്ഞതായി വാർത്താ ഏജൻസിയായ ഐഎസ്എൻഎ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിലമ്പൂരിലും വിവാദമായി പെട്ടി പരിശോധന

**മലപ്പുറം:** പാലക്കാട് ഉപതിരഞ്ഞെടുപ്പിന് പിന്നാലെ നിലമ്പൂരിലും പെട്ടി വിവാദം. ഷാഫി പറമ്പിൽ എം.പി, രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ, യൂത്ത് ലീഗ് നേതാവ് പി.കെ. ഫിറോസ് എന്നിവർ സഞ്ചരിച്ച കാർ വെള്ളിയാഴ്ച രാത്രി പത്തിന് വടപുറത്ത് തടഞ്ഞ് പൊലീസ് പരിശോധിച്ചതാണ് രാഷ്ട്രീയ പോരിന് തുടക്കമിട്ടത്. സി.പി.എം നേതാക്കളുടെ വാഹനങ്ങൾ പരിശോധിക്കാത്ത പൊലീസ് കോൺഗ്രസുകാരെ മാത്രം ലക്ഷ്യം വയ്ക്കുന്നത് ആസൂത്രിതമാണെന്ന് കോൺഗ്രസ് ആരോപിച്ചു. അനാവശ്യ വിവാദങ്ങൾ ഉന്നയിച്ച് തിരഞ്ഞെടുപ്പിനെ വഴിതിരിച്ച് വിടുകയാണെന്നും സി.പി.എം നേതാക്കളുടെ വാഹനങ്ങളും പരിശോധിച്ചിട്ടുണ്ടെന്നും സി.പി.എം വാദിക്കുന്നു. ഷാഫി പറമ്പിലിന്റെ കാറിലായിരുന്നു നേതാക്കൾ യാത്ര ചെയ്തിരുന്നത്. പെട്ടികൾ പൊലീസ് തുറന്ന് പരിശോധിച്ചെങ്കിലും വസ്ത്രങ്ങളും പുസ്തകങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. പൊട്ടിമുളച്ചിട്ട് എം.എൽ.എയും എം.പിയുമായതല്ലെന്നും ഇതൊക്കെ കണ്ടിട്ടാണ് വരുന്നതെന്നും ഉദ്യോഗസ്ഥരോട് ഷാഫി പറമ്പിൽ പറയുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സി.പി.എമ്മിന്റെ പണി ചെയ്യുകയാണെങ്കിൽ അത് ചെയ്താൽ മതിയെന്നും സർവീസിനുള്ള പാരിതോഷികം തരാം, ഓർത്ത് വച്ചോ എന്നും ഉദ്യോഗസ്ഥരോട് രാഹുൽ കയർക്കുന്നുണ്ട്.

**പൂർണമായി സഹകരിച്ചെന്ന് ഷാഫി**

പെട്ടി പുറത്തെടുക്കുംവരെ ഉദ്യോഗസ്ഥർ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്തിരുന്നെന്നും തുറന്നശേഷം ദൃശ്യങ്ങൾ പകർത്താത്തതിനാൽ അങ്ങോട്ട് ആവശ്യപ്പെട്ടുവെന്നും ഷാഫി പറമ്പിൽ പറഞ്ഞു. പൂർണമായി സഹകരിച്ചുവെന്നും പുറത്തേക്ക് എടുത്ത പെട്ടി തുറക്കാതെ അകത്ത് വയ്ക്കാൻ



പറഞ്ഞപ്പോഴാണ് പ്രതികരിച്ചതെന്നും നിർബന്ധിച്ചപ്പോഴാണ് പരിശോധിച്ചതെന്നും ഷാഫി പറമ്പിൽ പറഞ്ഞു. എല്ലാവരുടെയും വാഹനങ്ങൾ പരിശോധിക്കുമെന്നും ഇടത് എം.പി കെ.രാധാകൃഷ്ണന്റെ വാഹനവും പരിശോധിച്ചിരുന്നെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മിഷൻ അവരുടെ ജോലി ചെയ്യുന്നതിൽ അത്ഭുതമില്ലെന്നും എൽ.ഡി.എഫുകാരുടെ വാഹനവും പരിശോധിച്ചിട്ടുണ്ടെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പറഞ്ഞു. വാഹന പരിശോധന തിരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടിക്രമമാണെന്നും അതിൽ സർക്കാരിന് പങ്കില്ലെന്നും എൽ.ഡി.എഫ് കൺവീനർ ടി.പി.രാമകൃഷ്ണൻ പറഞ്ഞു. വാഹനത്തിലുണ്ടായിരുന്നവരെ മനസിലായില്ലെന്നാണ് പരിശോധനയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ പറഞ്ഞത്.

## അഹമ്മദാബാദ് വിമാന അപകടം അന്വേഷിക്കാൻ ഉന്നത സമിതി



**ന്യൂഡൽഹി:** അഹമ്മദാബാദ് വിമാന അപകടത്തിലേക്ക് നയിച്ച യഥാർത്ഥ കാരണങ്ങൾ കണ്ടെത്താൻ കേന്ദ്ര ആഭ്യന്തര സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി കൂടി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം രൂപീകരിച്ചു. പ്രഖ്യാപിച്ച മറ്റ് അന്വേഷണങ്ങൾക്ക് പുറമേയാണിതെന്ന് കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രി രാം മോഹൻ നായിഡു അറിയിച്ചു. മൂന്ന് മാസത്തിനുള്ളിൽ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിൽ ഇത്തരം അപകടങ്ങൾ സംഭവിക്കാതിരിക്കാനുള്ള മാർഗനിർദ്ദേശങ്ങളുമുണ്ടാകും. സിവിൽ ഏവിയേഷൻ മന്ത്രാലയം സെക്രട്ടറി, കേന്ദ്ര ആഭ്യന്തര മന്ത്രാലയം അഡിഷണൽ സെക്രട്ടറി, ഗുജറാത്ത് സർക്കാർ പ്രതിനിധി, ഗുജറാത്ത് സംസ്ഥാന ദുരന്ത പ്രതികരണ അതോറിട്ടി പ്രതിനിധി, അഹമ്മദാബാദ് പൊലീസ് കമ്മിഷണർ, ഇന്ത്യൻ വ്യോമസേനയുടെ ഇൻസ്പെക്ഷൻ ആന്റ് സേഫ്റ്റി ഡയറക്ടർ ജനറൽ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി(ബി.സി.എ.എസ്) ഡയറക്ടർ ജനറൽ , ഡി.ജി.സി.എ മേധാവി, ഐബി സ്പെഷൽ ഡയറക്ടർ, ഫോറൻസിക് സയൻസസ് സർവീസസ് ഡയറക്ടറേറ്റ് ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും. ഫ്ലൈറ്റ് ഡാറ്റ, കോക്ക്പിറ്റ് വോയ്സ് റെക്കോർഡറുകൾ, എയർക്രാഫ്റ്റ് മെയിന്റനൻസ് റെക്കോർഡുകൾ, എ.ടി.സി ഡാറ്റ, സാക്ഷി മൊഴികൾ, തുടങ്ങി എല്ലാ രേഖകളും കമ്മിറ്റിക്ക് ലഭ്യമാക്കും. അപകടാനന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ നയ മാറ്റങ്ങൾ, നിലവിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, പരിശീലനം തുടങ്ങിയവ സംബന്ധിച്ച ശുപാർശകൾ റിപ്പോർട്ടിലുണ്ടാകും. ഇന്നലെ രാവിലെ 10.30ന് മന്ത്രി റാം മോഹൻ നായിഡു സിവിൽ വ്യോമയാന ഓഫീസിൽ ഉന്നതതല യോഗം വിളിച്ചിരുന്നു. സിവിൽ വ്യോമയാന സെക്രട്ടറി, ഡി.ജി.സി.എ ഡയറക്ടർ ജനറൽ, എയർപോർട്ട് അതോറിട്ടി ഉദ്യോഗസ്ഥർ, മുതിർന്ന മന്ത്രാലയ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## നീറ്റ് യു.ജി ഫലം, കേരളത്തിൽ ഒന്നാമത് ദീപ്നിയ



**ന്യൂഡൽഹി:** എം.ബി.ബി.എസ് ഉൾപ്പെടെ വിവിധ മെഡിക്കൽ, അനുബന്ധ പ്രവേശനത്തിനായുള്ള നീറ്റ് യു.ജി പരീക്ഷയിൽ രാജസ്ഥാൻ സ്വദേശി മഹേഷ് കുമാർ ദേശീയ തലത്തിൽ ഒന്നാം റാങ്ക് നേടി. 720ൽ 686 മാർക്ക് ലഭിച്ചു. ദീപ്നിയ .ഡി.ബിക്കാണ് കേരളത്തിൽ ഒന്നാം റാങ്ക്. കോഴിക്കോട് പേരാമ്പ്ര ആവള സ്വദേശിയാണ്. ദേശീയതലത്തിൽ 109ാം റാങ്കാണ്. അദ്ധ്യാപകരായ ദിനേശൻ, ബിജി ദമ്പതികളുടെ മകളാണ് ദീപ്നിയ. സഹോദരൻ ദീപ്ദേവ് എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. ഫലം **neet.nta.nic.in, exams.nta.ac.in.** വെബ്സൈറ്റിൽ ലഭ്യമാണ്. ഇതോടൊപ്പം അന്തിമ ഉത്തരസൂചികയും ലഭിക്കും. ദേശീയതലത്തിൽ ആദ്യ 10ൽ ഒൻപതു റാങ്കും ആൺകുട്ടികൾക്കാണ്. മദ്ധ്യപ്രദേശിലെ ഉത്കർഷ് അവാദിയയും മഹാരാഷ്ട്രയിലെ കൃഷാംഗ് ജോഷിയും രണ്ടാം റാങ്ക് നേടി. കേരളത്തിൽ 73,328 പേരാണ് യോഗ്യത നേടിയത്.

## എസ്.ഐയെ കാർ കയറ്റി കൊലപ്പെടുത്താൻ ശ്രമം




**മൂവാറ്റുപുഴ:** സംശയകരമായ സാഹചര്യത്തിൽ കിടന്ന കാർ പരിശോധിക്കാൻ ശ്രമിച്ച പൊലീസ് ഉദ്യോഗസ്ഥനെ അതേവാഹനം കയറ്റി കൊലപ്പെടുത്താൻ ശ്രമം. എറണാകുളം റൂറൽ പൊലീസ് പരിധിയിൽ കല്ലൂർക്കാട് പൊലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ ഇ.എം. മുഹമ്മദിന് (55) വലത്കാലിനും തോളിനും സാരമായി പരിക്കേറ്റു. തൊടുപുഴ സെന്റ് മേരീസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശസ്ത്രക്രിയയ്ക്ക് വിധേയനാക്കും. കല്ലൂർക്കാട്-നാഗപ്പുഴ-തൊടുപുഴ റോഡിൽ വഴിയാംചിറ ഭാഗത്ത് ഇന്നലെ വൈകിട്ട് 4.15നായിരുന്നു സംഭവം. വാഹന പരിശോധന നടത്തുകയായിരുന്ന എസ്.ഐ റോഡിന് സമീപം ആളൊഴിഞ്ഞ ഭാഗത്ത് കിടന്ന സാൻട്രോ കാറിന് മുന്നിൽ പൊലീസ് ജീപ്പ് നിറുത്തിയിട്ട് യാത്രക്കാരോട് പുറത്തിറങ്ങാൻ ആവശ്യപ്പെട്ടു. വാഹനത്തിലുണ്ടായിരുന്ന രണ്ടുപേർ പുറത്തിറങ്ങാൻ തയ്യാറാകാതിരുന്നതിനെ തുടർന്ന് താക്കോൽ ഊരിയെടുക്കാൻ എസ്.ഐ ശ്രമിച്ചപ്പോൾ പെട്ടെന്ന് പിന്നോട്ടെടുത്ത കാർ മുഹമ്മദിന്റെ പാദത്തിലൂടെ കയറ്റിയിറക്കി രക്ഷപ്പെട്ടു. നിലത്ത് വീണ മുഹമ്മദിന് ദേഹത്തും പരിക്കേറ്റു. ഒപ്പമുണ്ടായിരുന്ന സീനിയർ സി.പി.ഒ ജിബി അറിയിച്ചതിനെ തുടർന്ന് സ്റ്റേഷനിൽ നിന്ന് കൂടുതൽ പൊലീസുകാരെത്തി കല്ലൂർക്കാട് അഗ്നിശമന സേനയുടെ ആംബുലൻസിലാണ് ആശുപത്രിയിൽ എത്തിച്ചത്.



**രക്ഷപ്പെട്ടവർക്കായി തെരച്ചിൽ**

വാഹനം തിരിച്ചറിഞ്ഞിട്ടുണ്ട്. മയക്കുമരുന്ന് വിതരണവുമായി ബന്ധമുള്ള രണ്ട് പേരാണ് വാഹനത്തിലുണ്ടായിരുന്നതെന്നാണ് സൂചന. മയക്കുമരുന്ന് കടത്താൻ ശ്രമിച്ചതായും സംശയിക്കുന്നു. പ്രതികൾക്കായി തെരച്ചിൽ തുടരുന്നു. വധശ്രമത്തിനാണ് കേസ്.

## ശബ്ദരേഖ വിവാദം ഒതുക്കി തീർക്കാൻ സി.പി.ഐ

**തിരുവവനന്തപുരം:** സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തെ അപഹസിച്ച് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കമല സദാനന്ദനും എറണാകുളം ജില്ലാ സെക്രട്ടറി കെ.എം.ദിനകരനും നടത്തിയ സംഭാഷണത്തിന്റെ ശബ്ദരേഖ പാർട്ടിക്ക് നാണക്കേടായെങ്കിലും നടപടിയിലേക്ക് പോകാൻ സാദ്ധ്യതയില്ല. നേതൃത്വത്തെ അനുകൂലിക്കുന്ന വിഭാഗത്തിൽപ്പെട്ടവരെന്ന് അറിയപ്പെടുന്ന ഇവർക്കെതിരെ പരസ്യ താക്കീതിലേക്കോ, നടപടിയിലേക്കോ പോകുന്നത് പാർട്ടിയിലെ എതിർചേരി ആയുധമാക്കാനുള്ള സാദ്ധ്യത മുന്നിൽക്കണ്ടാണിത്. കെ.ഇ. ഇസ്മയിൽ പക്ഷത്തെ പൂർണ്ണമായും ഒഴിവാക്കിയുള്ളതാണ് നിലവിലെ സംസ്ഥാന എക്സിക്യൂട്ടീവ്. സംസ്ഥാന സമ്മേളനം നടക്കാനിരിക്കെ, ഈ കൂട്ടായ്മയിൽ വിള്ളലുണ്ടാകുന്നത് അസംതൃപ്തർക്ക് മുതലെടുപ്പിന് അവസരം ഒരുക്കുമെന്നാണ് സെക്രട്ടറിക്ക് ഒപ്പമുള്ളവർ കണക്കുകൂട്ടുന്നത്. എന്നാൽ സെക്രട്ടറിയുടെ താല്പര്യത്തിനെ ആശ്രയിച്ചാകും തീരുമാനം. ഇന്നലെ നടന്ന എറണാകുളം മണ്ഡലം സമ്മേളനത്തിൽ ബിനോയ് വിശ്വത്തിനൊപ്പം കെ.എം.ദിനകരനും കമല സദാനന്ദനും വേദി പങ്കിട്ടതോടെ അവരെ ഒപ്പം നിറുത്താനാണ് നേതൃത്വത്തിന്റെ നീക്കമെന്നാണ് സൂചന. താനറിയുന്ന നേതാക്കൾ അങ്ങനെ പറയില്ലെന്നായിരുന്നു ശബ്ദരേഖയെ സംബന്ധിച്ച്, ഇന്നലെയും ബിനോയ് വിശ്വത്തിന്റെ പ്രതികരണം. വിവാദ ശബ്ദരേഖയിൽ തന്റെ ഭാഗം സെക്രട്ടറിയെ ഇതിനകം കമല സദാനന്ദൻ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടാകും.



എന്നാൽ സംസ്ഥാന സെക്രട്ടറിയുടെ രീതികളെ വിമർശിച്ചപ്പോൾ, വാക്കുകളിൽ സംയമനം പാലിച്ചില്ലെന്ന ആക്ഷേപം ബിനോയ് വിശ്വത്തിനൊപ്പമുള്ളവർക്കുണ്ട്. വിമർശനത്തിന്റെ ശരിതെറ്റുകൾ തിരിച്ചറിയണമെന്ന വാദവും ഉയരുന്നുണ്ട്. 24 ന് നടക്കുന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ ഇക്കാര്യം ചർച്ചയാകുമെങ്കിലും കമലാ സദാനന്ദന്റെ വിശദീകരണം കേട്ടശേഷമാകും തീരുമാനം.

**പ്രായപരിധി മാനദണ്ഡം നടപ്പാക്കും**

കഴിഞ്ഞ പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച 75 വയസ് പ്രായപരിധി മാനദണ്ഡം ജില്ലാ ,സംസ്ഥാന സമ്മേളനത്തിലടക്കം നടപ്പാക്കും. ജില്ലാ സെക്രട്ടറിക്ക് 65 വയസാണ് പ്രായപരിധി . ആദ്യ ജില്ലാ സമ്മേളനം ആലപ്പുഴയിൽ ഈ മാസം 27 ന് തുടങ്ങാനിരിക്കുകയാണ്.ഇതോടെ പ്രായപരിധി പിന്നിട്ട കെ.ആർ.ചന്ദ്രമോഹൻ, ഇ.ചന്ദ്രശേഖരൻ നായർ, വി.ചാമുണ്ണി എന്നിവർ ഒഴിവാകും.നിലവിൽ താത്കാലിക സെക്രട്ടറിയുള്ള പത്തനംതിട്ടയ്ക്ക് പുറമെ പ്രായപരിധി മാനദണ്ഡത്തിൽ എറണാകുളം, കോട്ടയം, പാലക്കാട് ജില്ലകളിൽ പുതിയ സെക്രട്ടറിമാർ വരും .

സത്യം വദഃ ധർമ്മം ചരഃ

കേരള പ്രണാമം
editorialkeralapranamam@gmail.com

## നേർക്കാഴ്ച



"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി

## കപ്പൽ അപകടങ്ങളും കോടതി നടപടിയും

അറബിക്കടലിൽ അപകടം വിതച്ച രണ്ട് ചരക്കുകപ്പലുകൾ കേരളത്തിന്റെ സമുദ്ര മേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചുള്ള ആശങ്ക ദിവസം കഴിയുന്തോറും കനംവച്ചു വരികയാണ്. കടലിൽ പടരുന്ന എണ്ണയും കണ്ടെയ്നറുകളിലെ അപകടകാരികളായ രാസവസ്തുക്കളും കാരണം മത്സ്യസമ്പത്ത് വിഷമയമായേക്കുമെന്ന ഭീതികൊണ്ട് ആളുകൾ മീൻ വാങ്ങാൻ മടിക്കുന്നതു മൂലം മത്സ്യത്തൊഴിലാളികൾക്കും വില്പനക്കാർക്കുമുണ്ടാകുന്ന നഷ്ടവും ഭീമമാണ്. ഇവയെല്ലാം ഉൾപ്പെടെ കപ്പൽ അപകടങ്ങൾ വരുത്തിവച്ച നഷ്ടങ്ങളുടെ മുഴുവൻ ബാദ്ധ്യതയും കപ്പൽ ഉടമകൾ ഏറ്റെടുക്കണമെന്ന് കഴിഞ്ഞ ദിവസം കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ഉചിതവും സ്വാഗതാർഹവും മാത്രമല്ല, ഒന്നാന്തരം മുന്നറിയിപ്പു കൂടിയാണ്.

കപ്പലുകൾ വരുത്തുന്ന അപകടങ്ങൾ മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടത്തിന് പരിഹാരം കാണേണ്ടത് ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ചല്ലെന്നാണ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് കോടതി നിരീക്ഷിച്ചത്. അത് പൂർണമായും ശരിയാണുതാനും. ക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കേണ്ട ഖജനാവിലെ പണം, നികുതിദായകർക്ക് ഒരു പങ്കാളിത്തവുമില്ലാത്ത ഇത്തരം അപകടങ്ങളുടെ നഷ്ടപരിഹാരത്തിന് ചെലവഴിക്കാനുള്ളതല്ല. അതേസമയം, മറ്റു പല അപകടങ്ങളുടെയും ദുരന്തങ്ങളുടെയും കാര്യത്തിലെന്നതു പോലെ, പ്രകൃതിക്കും പരിസ്ഥിതിക്കും സംഭവിക്കുന്ന അപരിഹാര്യമായ ദോഷങ്ങളുടെ ദൂരവ്യാപക വ്യാപ്തിയും ആഘാതവും കണക്കാക്കാനും, അതുകൊണ്ടുള്ള യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താനും അത്ര എളുപ്പമല്ല. കോടതി ഇടപെടലിനെ തുടർന്ന്, ഇനി സ്വീകരിക്കേണ്ട ഔദ്യോഗിക നടപടികൾക്ക് വേഗം കൂട്ടേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ്.

കൊച്ചി തീരത്ത് മുങ്ങിയ എൽസ-3 എന്ന കപ്പലിൽ കശുഅണ്ടി ഉൾപ്പെടെയുള്ള ചരക്കുകൾ കൊണ്ടുവന്ന അഞ്ചു വ്യാപാരികൾ നഷ്ടപരിഹാരം തേടി സമർപ്പിച്ച ഹർജിയിൽ, എം.എസ്.സി കമ്പനിയുടെ ഒരു കപ്പൽ തടഞ്ഞുവയ്ക്കാൻ ഹൈക്കോടതി ഉത്തരവിട്ടതും ഇതേദിവസമാണ്. കപ്പൽ തടഞ്ഞുവച്ചാലുണ്ടാകാവുന്ന അപകടം മണത്ത കമ്പനി നിമിഷനേരംകൊണ്ടാണ് 5.97 കോടി രൂപ കോടതിയിൽ കെട്ടിവച്ച് തടിതപ്പിയത്. കൊച്ചിയിൽ പൂർണമായും മുങ്ങിത്താണ കപ്പലിൽ നിന്ന് ഇപ്പോഴും തുടരുന്ന എണ്ണച്ചോർച്ച 48 മണിക്കൂറിനകം അടയ്ക്കണമെന്ന് കപ്പൽ ഉടമകളായ എം.എസ്.സി കമ്പനിക്ക് ഇന്ത്യാ സർക്കാർ അന്ത്യശാസനം നല്കിയിട്ടുമുണ്ട്. ഇതെല്ലാം ചേർത്തുവച്ച് നോക്കിയാൽ എൽസ-3 എന്ന പഴഞ്ചൻ ചരക്കുകപ്പൽ എം.എസ്.സി കമ്പനിക്ക് വരുത്തിവയ്ക്കുന്ന നഷ്ടം ശതകോടികളുടേതാകും. ഈ നഷ്ടക്കുരുക്കുകളിൽ നിന്ന് രക്ഷപ്പെടാൻ എം.എസ്.സി എന്ന ഭീമൻ കമ്പനി വലിയ തോതിലുള്ള നിയമയുദ്ധത്തിന് പുറപ്പെടുമെന്നത് തീർച്ചയാണ്. അത് മുൻകൂട്ടിക്കണ്ട് പഴുതടച്ചുള്ള കോടതി നടപടികളിലേക്കു കടക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

വിഴിഞ്ഞത്ത് അന്താരാഷ്ട്ര തുറമുഖം സജീവമാവുകയും, കേരള തീരത്തേക്ക് നൂറുകണക്കിന് ചരക്കുകപ്പലുകൾ അടുക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, കപ്പൽ അപകടങ്ങളുടെ സാഹചര്യമുണ്ടാകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന കൃത്യമായ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും ഇനി താമസിച്ചുകൂടാ. കൊച്ചിയിലെ കപ്പൽ അപകടം വരുത്തിയ സമുദ്ര പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ മൂന്ന് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതികളുടെ പഠനം വേഗത്തിലാക്കുകയും, അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.എസ്.സി കമ്പനിയിൽ നിന്ന് ആവശ്യപ്പെടേണ്ട നഷ്ടപരിഹാരം എത്രയെന്നു കണക്കാക്കി കോടതിയിൽ സമർപ്പിക്കുകയും വേണം. 'സർക്കാർ കാര്യം മുറപോലെ'എന്ന പതിവു പതിപാടി ഇത്തരം കാര്യങ്ങളിൽ ഒരുകാരണവശാലം സംഭവിക്കരുത്; പ്രത്യേകിച്ച് വിദേശരാജ്യങ്ങളിലെ കമ്പനികൾ പ്രതിസ്ഥാനത്തു വരുന്ന കേസുകളിൽ.

## വീണ്ടുവിചാരമില്ലാത്ത ആക്രമണം, അപലപനീയം; ഇറാനെതിരായ ഇസ്രയേൽ സൈനിക നടപടിയെ വിമർശിച്ച് സ്റ്റാലിൻ



ചെന്നൈ: ഇറാന് നേർക്ക് ഇസ്രയേൽ നടത്തിയ സൈനികനടപടി വീണ്ടുവിചാരമില്ലാത്ത ആക്രമണമാണെന്ന് വിമർശിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. സാമൂഹികമാധ്യമമായ എക്സിലൂടെ ആയിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ഇസ്രയേലിന്റെ നടപടി വലിയൊരു യുദ്ധത്തിന് തിരികൊളുത്താനുള്ള സാഹചര്യം സൃഷ്ടിച്ചേക്കാമെന്നും സ്റ്റാലിൻ കൂട്ടിച്ചേർത്തു. ഗാസയ്ക്ക് നേരെ ഇസ്രയേൽ നടത്തുന്ന ആക്രമണത്തെയും സ്റ്റാലിൻ വിമർശിച്ചു.

ഇറാനുമേൽ ഇസ്രയേൽ നടത്തുന്നത് വീണ്ടുവിചാരമില്ലാത്ത ആക്രമണമാണ്. അത് വലിയ യുദ്ധത്തിന് തിരികൊളുത്താനിടയുണ്ട്. ഇത് കൂടാതെ ഗാസയിൽ ബോംബ് വർഷം തുടരുകയും പലസ്തീനിലെ സാധാരണക്കാർ ദുരിതം അനുഭവിക്കുകയും ചെയ്യുന്നു. അക്രമത്തിന്റെ ഈ പാതയെ അപലപിക്കേണ്ടതുണ്ട്. സംയമനത്തിനും നീതിക്കും അർഥപൂർണമായ നയതന്ത്രത്തിനുംവേണ്ടി ലോകം നിലകൊള്ളേണ്ടതുണ്ട്, സ്റ്റാലിൻ പറഞ്ഞു.

ഇറാന്റെ ആണവപദ്ധതിയെ തകർക്കാൻ ഇസ്രയേൽ നടത്തിയ അപ്രതീക്ഷിത ആക്രമണമാണ് മേഖലയെ സംഘർഷഭരിതമാക്കിയത്. ഇസ്രയേൽ ആക്രമണത്തിൽ ഇറാന്റെ മുതിർന്ന സൈനികോദ്യോഗസ്ഥരും ആണവശാസ്ത്രജ്ഞരും കൊല്ലപ്പെട്ടിരുന്നു. ഇതിന് മറുപടിയായി ഇറാൻ പ്രത്യാക്രമണവും നടത്തി. ആക്രമണവും പ്രത്യാക്രമണവും കനക്കുന്നതിനിടെ ഇരു രാജ്യങ്ങളിലും വലിയതോതിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

# അന്ന് മുംബൈയിൽ മുങ്ങിയ കപ്പലിന് പിഴചുമത്തിയത് 100 കോടി; കേരളത്തിന് പ്രതീക്ഷ



കൊച്ചി: 2011-ൽ മുംബൈ തീരത്തിന് 20 നോട്ടിക്കൽ മൈൽ അകലെ കപ്പൽ മുങ്ങിയ സംഭവത്തിൽ ദേശീയ ഹരിതട്രിബ്യൂണൽ 100 കോടി രൂപ പിഴയിട്ടത് സി എൽസ 3 കപ്പലപകട ക്കേസിന് പ്രതീക്ഷയേറ്റുന്നു. ഡെൽറ്റ ഗ്രൂപ്പ് ഇന്റർനാഷണലിന്റെ എംവി റാക്ക് കപ്പലായിരുന്നു അപകടത്തിനിരയായത്. കേരളതീരത്ത് തുടർച്ചയായി രണ്ട് കപ്പലപകടമുണ്ടായ പശ്ചാത്തലത്തിൽ ഹരിതട്രിബ്യൂണലിന്റെ സുപ്രധാനമായ ഉത്തരവ് വീണ്ടും ചർച്ചയാകുന്നുണ്ട്.


60,054 മെട്രിക് ടൺ കൽക്കരിയുമായി ഗുജറാത്തിലെ ദഹേജ് തുറമുഖത്തേക്കെത്തിയ കപ്പലാണ് മുങ്ങിയത്. 290 ടൺ ബങ്കർ ഇന്ധനവും 50 ടൺ ഡീസലും കപ്പലിലുണ്ടായിരുന്നു. സാങ്കേതികത്തകരാറായിരുന്നു അപകടകാരണം.

കപ്പലിൽനിന്ന് പടർന്ന എണ്ണ കടലിനെ മലിനമാക്കുകയും മത്സ്യസമ്പത്തടക്കം നശിപ്പിക്കുകയും ചെയ്തു. തീരത്തെ കണ്ടലുകളെയും ബാധിച്ചു. കടലിൽ അടിഞ്ഞ കൽക്കരി ഭാവിയിലും ഭീഷണിയാണെന്നും വിലയിരുത്തിയായിരുന്നു കപ്പൽ കമ്പനിക്ക് പിഴചുമത്തിയത്. പരിസ്ഥിതിപ്രവർത്തകൻ സമീർ മേത്തയാണ് ഹരിതട്രിബ്യൂണലിനെ സമീപിച്ചത്. അദാനി കമ്പനിക്കുവേണ്ടി കൊണ്ടുവന്നതായിരുന്നു കൽക്കരി. കപ്പൽ ഉടമയും അദാനി കമ്പനിയും വീഴ്ചയില്ലെന്ന വാദമാണ് ഉന്നയിച്ചത്.

എന്നാൽ, പരിസ്ഥിതിസംരക്ഷണ നിയമം, ജലനിയമം, ദേശീയ ഹരിതട്രിബ്യൂണൽ ആക്ട്, മർച്ചന്റ് ഷിപ്പിങ് ആക്ട്, പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ആക്ട്, മാരിടൈം സോൺ ആക്ട്, പൊല്യൂട്ടർ പേ പ്രിൻസിപ്പൽ നിയമം എന്നിവ പ്രകാരം കപ്പൽ കമ്പനി കുറ്റക്കാരാണെന്ന് ഹരിതട്രിബ്യൂണൽ കണ്ടെത്തി. കടലിൽനിന്ന് മാലിന്യം നീക്കി ശുദ്ധീകരിക്കാൻ കേന്ദ്രസർക്കാർ ചെലവഴിച്ച തുക കപ്പൽ കമ്പനിയിൽനിന്ന് ഈടാക്കാനായിരുന്നു ട്രിബ്യൂണൽ ഉത്തരവ്.

മറൈൻ ഷിപ്പിങ് ആക്ടിലെ വകുപ്പ് 71 പ്രകാരം അദാനി കമ്പനിക്ക് അഞ്ചുകോടി രൂപയും പിഴയിട്ടു. പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട സുപ്രധാന ഉത്തരവാണിതെന്ന് ഹൈക്കോടതി അഭിഭാഷക റീന എബ്രഹാം പറഞ്ഞു.

# ഇനി രക്തത്തിനായി അലയേണ്ട, ബ്ലഡ്ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ വരുന്നു



**തിരുവനന്തപുരം:** സംസ്ഥാനത്തുടനീളമുള്ള സുരക്ഷിതവും അനുയോജ്യവുമായ രക്ത യൂണിറ്റുകളുടെ ലഭ്യതയെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ അറിയാനായി കേന്ദ്രീകൃത സോഫ്റ്റ് വെയർ 'ബ്ലഡ്ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ' സജ്ജമാക്കുന്നതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. പൊതുജനങ്ങൾക്ക് രക്തത്തിന്റെ ലഭ്യത കൃത്യമായി അറിയാൻ ഒരു പോർട്ടൽ കൂടി ഈ പദ്ധതിയുടെ ഭാഗമായി തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം അവസാനത്തോടെ ഈ പോർട്ടൽ ജനങ്ങൾക്ക് എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് യാഥാർത്ഥ്യമാവുതോടെ എവിടെ നിന്നും രക്തബാങ്കുകളിലെ വിവരങ്ങൾ ലഭ്യമാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

രക്തത്തിന്റെ ലഭ്യത ഉറപ്പ് വരുത്താനായി സാമൂഹികാരോഗ്യ കേന്ദ്രം മുതലുള്ള പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും ബ്ലഡ് സ്റ്റോറേജ് യൂണിറ്റുകളോ ബ്ലഡ് ബാങ്കുകളോ സജ്ജമാക്കിയിട്ടുണ്ട്. രക്തം ശേഖരിക്കുന്നത് മുതൽ ഒരാൾക്ക് നൽകുന്നത് വരെ നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക ബ്ലഡ് ബാഗ് ട്രേസബിലിറ്റി ഡിജിറ്റൽ സംവിധാനം നടപ്പിലാക്കുകയും അപൂർവ രക്തത്തിനായി കേരള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പുറത്തിറക്കുകയും ചെയ്തു. ഇതുകൂടാതെയാണ് ബ്ലഡ്ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ സജ്ജമാക്കുന്നത്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കെ- ഡിസ്ക്, കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ, ഇ ഹെൽത്ത് എന്നിവ ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. വരുന്ന വർഷങ്ങളിൽ 100 ശതമാനം സന്നദ്ധ രക്തദാനം എന്ന സുപ്രധാന ലക്ഷ്യം കൈവരിക്കാനും ലക്ഷ്യമിടുന്നു.

എല്ലാ ബ്ലഡ് ബാങ്കുകളേയും ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമാണ് ബ്ലഡ്ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ. സർക്കാർ തലത്തിലെ കൂടാതെ സ്വകാര്യ ബ്ലഡ് ബാങ്കുകളെക്കൂടി ഈ സോഫ്റ്റ് വെയറിലേക്ക് സംയോപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ലഭ്യമായ രക്തം ഒരൊറ്റ പ്ലാറ്റ്ഫോമിൽ ദൃശ്യമാക്കുന്നതിനും എല്ലാവർക്കും ഒരേ നിലവാരത്തിലുള്ള സുരക്ഷയും പരിചരണവും ഉറപ്പാക്കുന്നതിനും ഇതിലൂടെ സഹായിക്കും. ഈ മാസം മുതൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ബ്ലഡ്ബാങ്ക് ട്രേസബിലിറ്റി ആപ്ലിക്കേഷൻ പദ്ധതി ആരംഭിക്കും. തുടർന്ന് ഈ വർഷം തന്നെ കേരളം ഒട്ടാകെ പദ്ധതി യാഥാർത്ഥ്യമാക്കാനാണ് ശ്രമിക്കുന്നത്

# ഇസ്രയേലിനെ സഹായിക്കരുത്- അമേരിക്കയ്ക്ക് ഇറാന്റെ മുന്നറിയിപ്പ്; ടെഹ്റാൻ കത്തിയെരിയുമെന്ന് ഇസ്രയേൽ



ടെഹ്റാൻ/ടെൽ അവീവ്: ഇസ്രയേലിന് നേരേയുള്ള ആക്രമണം തുടരുന്നതിനിടെ അമേരിക്കയ്ക്കും ബ്രിട്ടനും ഫ്രാൻസിനും മുന്നറിയിപ്പ് നൽകി ഇറാൻ. തങ്ങളുടെ തിരിച്ചടി തടയാൻ ഇസ്രയേലിനെ സഹായിക്കരുതെന്ന് യുഎസ്, യുകെ, ഫ്രാൻസ് എന്നീ രാജ്യങ്ങൾക്ക് ഇറാൻ മുന്നറിയിപ്പ് നൽകിയതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. ഇസ്രയേലിനെ സഹായിക്കുകയാണെങ്കിൽ മേഖലയിലുള്ള ഈ മൂന്നുരാജ്യങ്ങളുടെ സൈനികത്താവളങ്ങളും കപ്പലുകളും ആക്രമിക്കുമെന്നും ഇറാൻ അറിയിച്ചതായും റിപ്പോർട്ടുകളിലുണ്ട്.

'ഓപ്പറേഷൻ ട്രൂ പ്രോമിസ് 3' എന്ന പേരിലാണ് ഇറാൻ ഇസ്രയേലിന് നേരേ ആക്രമണം നടത്തുന്നത്. ഇസ്രയേലിന് തക്കതായ തിരിച്ചടി നൽകിയെന്നും 'അരാഷ്' ചാവേർ ഡ്രോണുകൾ ഉപയോഗിച്ച് ഇസ്രയേലിലെ ലക്ഷ്യങ്ങൾ ഭേദിച്ചതായുമാണ് ഇറാന്റെ അവകാശവാദം. ഇസ്രയേലിന്റെ ആക്രമണത്തിൽ സംയുക്ത സൈനികമേധാവി മേജർ ജനറൽ മുഹമ്മദ് ബഘേരിയും റെവല്യൂഷണറി ഗാർഡ് ചീഫ് കമാൻഡർ മേജർ ജനറൽ ഹുസൈൻ സലാമിയും കൊല്ലപ്പെട്ടതായി ഇറാൻ സ്ഥിരീകരിച്ചു.

ആണവകേന്ദ്രങ്ങൾക്ക് നേരേ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ ആൾനാശമുണ്ടായിട്ടില്ലെന്നും നതാൻസ്, ഫോർഡോ, ഇസ്ഫഹാൻ തുടങ്ങിയ ആണവകേന്ദ്രങ്ങളിൽ പരിമിതമായ നാശനഷ്ടം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും ഇറാൻ ആണവോർജ സംഘടനാ വക്താവ് ബെഹ്റൗസ് കമാൽവാണ്ടി പറഞ്ഞു. അതിനിടെ, ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമീനി പുതിയ സൈനിക മേധാവിയായി മേജർ ജനറൽ അമീർ ഹത്താമിയെ നിയമിച്ചു. ഇറാൻ സൈന്യത്തിന്റെ ചീഫ് കമാൻഡറായാണ് മുൻ പ്രതിരോധമന്ത്രിയായ ഹത്താമിയെ നിയമിച്ചതെന്ന് ഇറാൻ വാർത്താഏജൻസി റിപ്പോർട്ട് ചെയ്തു. മുഹമ്മദ് ഹുസൈൻ ബഘേരി കൊല്ലപ്പെട്ട സാഹചര്യത്തിൽ മേജർ ജനറൽ സയ്യിദ് അബ്ദുൾറഹീം മൗസവിയെ സംയുക്ത സൈനികമേധാവിയായും നിയമിച്ചിരുന്നു. ഇസ്രയേലിന്റെ ആക്രമണത്തിൽ 78 പേർ കൊല്ലപ്പെട്ടതായും 320 പേർക്ക് പരിക്കേറ്റതുമായാണ് ഇറാൻ അറിയിച്ചിരിക്കുന്നത്.

അതേസമയം, ഇറാന്റെ ആക്രമണത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടതായി ഇസ്രയേൽ സ്ഥിരീകരിച്ചു. ഇറാനിൽ വീണ്ടും ആക്രമണം നടത്താൻ രാജ്യത്തിന്റെ വ്യോമസേന തയ്യാറാണെന്ന് ഇസ്രയേൽ പ്രതിരോധസേനയും(ഐഡിഎഫ്) വ്യക്തമാക്കി. ഇറാനിലേക്കുള്ള വഴി തുറന്നിരിക്കുകയാണെന്നും പദ്ധതികളനുസരിച്ച് വ്യോമസേനയുടെ കൂടുതൽ പോർവിമാനങ്ങൾ ഇറാനിലെ ലക്ഷ്യകേന്ദ്രങ്ങളിൽ ആക്രമണം നടത്തുമെന്നും ഐഡിഫ് വൃത്തങ്ങൾ അറിയിച്ചു. ഇറാൻ മിസൈൽ ആക്രമണം തുടർന്നാൽ ടെഹ്റാൻ കത്തിയെരിയുമെന്ന് ഇസ്രയേൽ പ്രതിരോധമന്ത്രി ഇസ്രയേൽ കാറ്റ്സും മുന്നറിയിപ്പ് നൽകി.

വ്യാഴാഴ്ച നടത്തിയ ആക്രമണത്തിൽ ഇറാനിലെ ഒൻപത് ആണവശാസ്ത്രജ്ഞർ കൊല്ലപ്പെട്ടതായാണ് ഇസ്രയേൽ പ്രതിരോധസേന അവകാശപ്പെടുന്നത്. 'ഓപ്പറേഷൻ റൈസിങ് ലയൺ' എന്നപേരിൽ നടത്തിയ ആക്രമണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഒൻപത് ആണവശാസ്ത്രജ്ഞർ കൊല്ലപ്പെട്ടതായും ഇറാനിലെ 150 കേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതായും ഇസ്രയേൽ അവകാശപ്പെട്ടു. ഇറാൻ തൊടുത്തുവിട്ട ഭൂരിഭാഗം ഡ്രോണുകളും മിസൈലുകളും രാജ്യത്തിന് തടയാനായെന്നും ഇസ്രയേൽ പറഞ്ഞു.

# ജമാഅത്തെ ഇസ്ലാമി ലീഗ് അകറ്റി നിറുത്തിയ വിഭാഗം: മുഖ്യമന്ത്രി

മലപ്പുറം: മുസ്ലിം ലീഗ് എന്നും അകറ്റി നിറുത്തിയ വിഭാഗമാണ് ജമാഅത്തെ ഇസ്ലാമിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വഴിക്കടവിലും എടക്കരയിലും നടന്ന തിരഞ്ഞെടുപ്പ് റാലികളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലീം ജനവിഭാഗത്തിലെ ഭൂരിഭാഗവും ജമാഅത്തെ ഇസ്ലാമിയെ പുറംതള്ളി. എല്ലാ മുസ്ലിം സംഘടനകളുടെ യോഗത്തിലും പങ്കെടുക്കാറുള്ള സി.എച്ച്.മുഹമ്മദ് കോയ ജമാഅത്തെ ഇസ്ലാമിയുടെ ഒരു യോഗത്തിലും പങ്കെടുത്തിട്ടില്ല. ജമാഅത്തെ ഇസ്ലാമി രാജ്യത്ത് എന്താണെന്ന് എല്ലാവർക്കു മറിയാം. കാശ്മീരിൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ യൂസഫ് തരിഗാമി പരാജയപ്പെടണമെന്ന് നിർബന്ധമുള്ള ബി.ജെ.പിയെ സഹായിച്ച് രംഗത്തുണ്ടായിരുന്നത് ജമാഅത്തെ ഇസ്ലാമിയാണ്. യു.ഡി.എഫിന് തൽക്കാലം ആവശ്യം നാല് വോട്ടെങ്കിലും അധികം കിട്ടുക എന്നുള്ളതാണ്. എന്നാൽ, ഒരു വർഗീയ ശക്തികളുടെയും പിന്തുണ എൽ.ഡി.എഫിന് ആവശ്യമില്ല. നാല് വോട്ടിനു വേണ്ടി രാഷ്ട്രീയ ചെറ്റത്തരം കാണിക്കുന്ന മുന്നണിയല്ല എൽ.ഡി.എഫ്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ഒരു വഞ്ചകന്റെ പ്രവർത്തനഫലമായി അടിച്ചേൽപ്പിച്ചതാണ്. നമ്മുടെ ചരിത്രം വഞ്ചനയെ വച്ചുപൊറുപ്പിക്കുകയോ മാപ്പ് നൽകുകയോ ചെയ്യില്ലെന്നും അദ്ദേഹം പറഞ്ഞു.





# യു.ഡി.എഫ് വൻവിജയം നേടും: പ്രിയങ്കാഗാന്ധി

കൽപ്പറ്റ: നിലമ്പൂരിൽ യു.ഡി.എഫ് വൻവിജയം നേടുമെന്ന് പ്രിയങ്കാഗാന്ധി എം പി. യു.ഡി.എഫിലെ എല്ലാ കക്ഷികളും ഒറ്റക്കെട്ടാണ്. വിജയത്തിനായി എല്ലാവരും കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. അഹമ്മദാബാദിൽ വലിയൊരു ദുരന്തമാണുണ്ടായത്. രാജ്യം ഒറ്റക്കെട്ടായി നിൽക്കേണ്ട നിമിഷം. വിമാനാപകടത്തിന് കാരണമെന്താണെന്ന് കണ്ടെത്തേണ്ടതുണ്ട്. അന്വേഷണ ഏജൻസികൾ അപകട കാരണം കണ്ടെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാവിയിൽ അപകടങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രിയങ്ക പറഞ്ഞു.

# സെക്രട്ടറി പോരെന്നു പറഞ്ഞവർക്കൊപ്പം വേദി പങ്കിട്ട് ബിനോയ്



കൊച്ചി: സംസ്ഥാന സെക്രട്ടറി പോരെന്നും നാണംകെട്ട് ഇറങ്ങിപ്പോകേണ്ടി വരുമെന്നും പറഞ്ഞ പാർട്ടി നേതാക്കൾക്കൊപ്പം വേദിപങ്കിട്ട് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഇന്നലെ എളമക്കര എസ്.എൻ.ഡി.പി യോഗം ഹാളിൽ ആരംഭിച്ച സി.പി.ഐ എറണാകുളം മണ്ഡലം സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയപ്പോഴാണ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കമലാ സദാനന്ദനും ജില്ലാ സെക്രട്ടറിയും സംസ്ഥാനകമ്മിറ്റി അംഗവുമായ കെ.എം. ദിനകരനുമൊപ്പം ബിനോയ് ഒന്നിച്ചത്. ഇവരുടെ സംഭാഷണം ഫോണിലൂടെ ചോർന്ന് വിവാദമായതിനുശേഷം സെക്രട്ടറിയുമായി മുഖാമുഖം വന്നത് ഈ വേദിയിലാണ്. ഏറെനേരം സമ്മേളനത്തിൽ തുടർന്ന ബിനോയ് വിശ്വത്തോട് ഇരുനേതാക്കളും ദീർഘനേരം സംസാരിച്ചു. ഇരുവർക്കും ഹസ്തദാനം നൽകിയാണ് മടങ്ങിയത്.

**അവരങ്ങനെ പറയില്ല; ആവർത്തിച്ച് ബിനോയ്**

തനിക്ക് അറിയാവുന്ന കെ.എം. ദിനകരനും കമലാ സദാനന്ദനും ഇത്തരത്തിലൊന്നും സംസാരിക്കുന്നവരല്ലെന്ന് ബിനോയ് വിശ്വം ഇന്നലെയും മാദ്ധ്യമങ്ങളോട് ആവർത്തിച്ചു. ഇരുനേതാക്കളുമായും നല്ല ബന്ധമാണുള്ളത്. കമ്മ്യൂണിസ്റ്റ് മൂല്യബോധവും കമ്മ്യൂണിസ്റ്റ് സ്നേഹപ്രകടനങ്ങളും കമ്മ്യൂണിസ്റ്റ് ബന്ധങ്ങളുമുള്ളവരാണ് ദീർഘനാളായി പാർട്ടി പ്രവർത്തനം നടത്തുന്ന ഇരുനേതാക്കളും. ഇരുവരും മാപ്പുപറഞ്ഞോ എന്ന ചോദ്യത്തിന്, എന്തിനെന്നായിരുന്നു സെക്രട്ടറിയുടെ മറുചോദ്യം.

**മാപ്പ് പറഞ്ഞില്ല; കമല**

സംസ്ഥാന സെക്രട്ടറിക്കെതിരായ പരാമർശങ്ങളിൽ ഖേദപ്രകടനം നടത്തിയിട്ടില്ലെന്ന് കമലാ സദാനന്ദൻ. ഞാനെങ്ങും ആരോടും ഖേദം പറഞ്ഞില്ല. എന്തിനു പറയണം... എന്നായിരുന്നു ദേഷ്യത്തോടെയുള്ള പ്രതികരണം. പരസ്യപ്രതികരണത്തിനില്ലെന്ന നിലപാട് കെ.എൻ. ദിനകരൻ ആവർത്തിച്ചു. കഴിഞ്ഞ ബുധനാഴ്ചയാണ് വിവാദ സംഭാഷണം പുറത്തുവന്നത്.

# ഉറ്റവരെ ആശ്വസിപ്പിക്കാൻ മോഹൻലാൽ അമൃതാനന്ദമയി മഠത്തിൽ

കൊല്ലം: അന്തരിച്ച അമ്മാവൻ ഗോപിനാഥൻ നായരുടെ കുടുംബത്തെ കാണാൻ അമൃതാനന്ദമയി മഠത്തിലെത്തി നടൻ മോഹൻലാൽ. അമ്മാവന്റെ മരണസമയത്ത് വിദേശത്തായിരുന്ന മോഹൻലാൽ നാട്ടിലെത്തിയ ഉടൻ ബന്ധുക്കളെ കാണാൻ ആശ്രമത്തിലെത്തുകയായിരുന്നു. ചലച്ചിത്ര നിർമ്മാതാവും നടനും കൂടിയായ ആന്റണി പെരുമ്പാവൂരിനൊപ്പം എത്തിയ മോഹൻലാലിനെ മുതിർന്ന സന്യാസിമാർ സ്വീകരിച്ചു. കഴിഞ്ഞ 7ന് പുലർച്ചെയായിരുന്നു മോഹൻലാലിന്റെ അമ്മയുടെ മൂത്ത സഹോദരനായ ഗോപിനാഥൻ നായർ വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് മരിച്ചത്. ഗോപിനാഥൻ നായരുടെ ഭാര്യ രാധാഭായി, മകൾ ഗായത്രി, മരുമകൻ രാജേഷ്, ചെറുമകൾ ദേവിക എന്നിവരെ നേരിൽ കണ്ട് അനുശോചനം അറിയിച്ചു. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ മുൻ ജനറൽ മാനേജർ കൂടിയായിരുന്ന ഗോപിനാഥൻ നായരുടെ



സംസ്കാര ചടങ്ങുകൾ മാതാ അമൃതാനന്ദമയിയുടെ മുഖ്യ കാർമ്മികത്വത്തിലായിരുന്നു നടന്നത്. ഗോപിനാഥൻ നായരാണ് സഹോദരി ശാന്തകുമാരിയുടെ മകന് മോഹൻലാൽ എന്ന പേര് നൽകിയത്. മാതാ അമൃതാനന്ദമയിയെ കണ്ട് അനുഗ്രഹം വാങ്ങിയ ശേഷമാണ് മോഹൻലാൽ മടങ്ങിയത്.

# മുഖ്യമന്ത്രിയുടെ പോർട്ടലിൽ പരാതിയുമായി ഡി.ജി.പി




തിരുവനന്തപുരം: ഡി.ജി.പി റാങ്കുള്ള യോഗേഷ് ഗുപ്ത എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി) മേധാവിയാവുന്നത് തടയാൻ സംസ്ഥാന സർക്കാരിന്റെ തരികിട. കേന്ദ്ര ആഭ്യന്തര മന്ത്രാലയം മൂന്നുവട്ടം രേഖാമൂലം ആവശ്യപ്പെട്ടിട്ടും യോഗേഷിനെതിരേ കേസും അന്വേഷണവുമില്ലെന്ന ക്ലിയറൻസ് സർക്കാർ നൽകിയില്ല. ഈ രേഖ ലഭിക്കാതെ യോഗേഷിനെ കേന്ദ്ര ഏജൻസിയുടെ തലപ്പത്തേക്ക് പരിഗണിക്കാനാവില്ല. കേന്ദ്രം ആവശ്യപ്പെട്ടിട്ടും ചീഫ് സെക്രട്ടറിയെയും പൊലീസ് മേധാവിയെയും പലവട്ടം കണ്ടിട്ടും രക്ഷയില്ലാതായതോടെ, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ജൂൺ ഒന്നിന് യോഗേഷ് പരാതിനൽകി. മുഖ്യമന്ത്രിയുടെ പോർട്ടലിൽ ഒരു ഡി.ജി.പി പരാതിക്കാരനാവുന്നത് ആദ്യമായാണ്. ഈപരാതിക്കും മറുപടിയില്ല. ചാർട്ടേർഡ് അക്കൗണ്ടന്റ് കൂടിയായ യോഗേഷ് അഞ്ചുവർഷം സി.ബി.ഐയിലും ഏഴുവർഷം ഇ.ഡിയിലും പ്രവർത്തിച്ചിട്ടുണ്ട്. ഇ.ഡി സ്പെഷ്യൽ ഡയറക്ടറായിക്കെ, രാജ്യത്തെ പിടിച്ചുലച്ച ബംഗാളിലെ ശാരദാ, റോസ് വാലി, സീഷോർ ചിട്ടിത്തട്ടിപ്പുകൾ, നാരദാ കോഴക്കേസ്, ബേസിൽ നിക്ഷേപ ത്തട്ടിപ്പ് തുടങ്ങിയവ അന്വേഷിച്ചതും ഉന്നത രാഷ്ട്രീയക്കാരെ അകത്താക്കിയതും ഗുപ്തയുടെ നേതൃത്വത്തിലാണ്. അതിനാൽ യോഗേഷിനെ ഇ.ഡി മേധാവിയാക്കാനാണ് കേന്ദ്രത്തിന് താത്പര്യം. കേരളത്തിൽനിന്ന് ഈ പദവിയിലേക്ക് യോഗ്യനായത് യോഗേഷ് മാത്രമാണ്. ഇക്കാര്യമറിയിച്ച് ഒന്നരമാസം മുൻപാണ് ആഭ്യന്തരമന്ത്രാലയം ചീഫ്സെക്രട്ടറിക്ക് കത്തയച്ചത്. പിന്നീട് രണ്ടുവട്ടം ഔദ്യോഗിക കത്തുകളയച്ചു. പൊലീസ് മേധാവിയിൽനിന്ന് ചീഫ്സെക്രട്ടറി കേസും അന്വേഷണവുമില്ലെന്ന റിപ്പോർട്ട് ശേഖരിച്ചെങ്കിലും കേന്ദ്രത്തിന് അയച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ക്ലിയറൻസ് ലഭിച്ചാലേ യോഗേഷിന്റെ നിയമനഫയൽ സെൻട്രൽ വിജിലൻസ് കമ്മിഷന് അയയ്ക്കാനാവൂ. താത്കാലിക ഡയറക്ടറായിരുന്ന റവന്യൂ സർവീസ് ഉദ്യോഗസ്ഥൻ രാഹുൽ നവീന് ഇ.ഡി ഡയറക്ടറുടെ ചുമതല നൽകിയിരിക്കുകയാണ്. സി.ബി.ഐ മേധാവി പ്രവീൺസൂദിനും കാലാവധി നീട്ടിനൽകി. സെപ്തംബറിൽ സി.ഐ.എസ്.എഫ് മേധാവിയുടെയും നവംബറിൽ ബി.എസ്.എഫ് മേധാവിയുടെയും കാലാവധി കഴിയും. പൊലീസ് മേധാവി പട്ടികയിലും അടുത്ത പൊലീസ് മേധാവിയാകാനുള്ളവരുടെ കേന്ദ്രപട്ടികയിൽ മൂന്നാമതായി യോഗേഷുണ്ടാവും. രാഷ്ട്രീയക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൻ അഴിമതികൾ പിടികൂടിയതിനു പിന്നാലെ ഇദ്ദേഹത്തെ വിജിലൻസ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയിരുന്നു. ഇതോടെയാണ് കേന്ദ്രത്തിലേക്ക് പോവാൻ തീരുമാനിച്ചത്.

# വനംമന്ത്രിക്ക് മറുപടി പറയാത്തത് പ്രായം പരിഗണിച്ച്: വി.ഡി. സതീശൻ



മലപ്പുറം: വഴിക്കടവിൽ പന്നിക്കെണിയിൽ കുടുങ്ങി വിദ്യാർത്ഥി മരിച്ച സംഭവത്തിൽ പ്രതിപക്ഷ ഗൂഢാലോചനയുണ്ടെന്ന് ആരോപിച്ച വനംമന്ത്രി എ.കെ. ശശീന്ദ്രന് മറുപടി പറയാത്തത് അദ്ദേഹത്തിന്റെ പ്രായം പരിഗണിച്ചാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. നിലമ്പൂരിൽ വന്യജീവി ആക്രമണങ്ങളിൽ ജീവിക്കുന്ന ഇരകളുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മറുപടി നാവിൻ തുമ്പിലുണ്ട്. സ്വയം നിയന്ത്രിച്ചതാണ്. വനം മന്ത്രി പറഞ്ഞ് തീരും മുമ്പ് പാർട്ടി സെക്രട്ടറിയിറങ്ങി. ഇതുപോലെ വിഡ്ഢിത്തം പറയുന്ന പാർട്ടി സെക്രട്ടറിയെ കണ്ടിട്ടില്ല. എ.കെ. ശശീന്ദ്രനെ മുഖ്യമന്ത്രി ശകാരിച്ചെന്ന് കേട്ടു. പട്ടിൽപൊതിഞ്ഞ ശകാരമെങ്കിലും മുഖ്യമന്ത്രി എം.വി. ഗോവിന്ദന് നൽകിയോ എന്നും വി.ഡി. സതീശൻ ചോദിച്ചു.

# മലയോര മേഖലകളിൽ മണ്ണിടിച്ചിൽ ഭീഷണി, ബുധനാഴ്ച വരെ അതിതീവ്ര മഴ



തിരുവനന്തപുരം:സംസ്ഥാനത്ത് ബുധനാഴ്ച വരെ അതിതീവ്രമഴ മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്.വടക്കൻ ജില്ലകളിലാണ് മഴ കൂടുതൽ.പടിഞ്ഞാറൻ കാറ്റ് ശക്തിപ്രാപിക്കുന്നതാണ് കാരണം. ബുധനാഴ്ച കഴിഞ്ഞ് മഴയിൽ അല്പം കുറവുണ്ടാകും.

**ഇന്നത്തെ അലർട്ട്**

@റെഡ് (അതിതീവ്ര മഴ) മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് @ഓറഞ്ച് (അതിശക്തമഴ) - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്

**മൂന്ന് ജില്ലകളിൽ മിന്നൽ പ്രളയ സാദ്ധ്യത**

കാസർകോട്,കോഴിക്കോട്,വയനാട്,കണ്ണൂർ മലയോര മേഖലകളിൽ മിന്നൽ പ്രളയ സാദ്ധ്യത മുന്നറിയിപ്പുണ്ട്. മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ സാദ്ധ്യത,അതീവ ജാഗ്രത സംസ്ഥാനത്തെ മലയോര മേഖലകളിൽ അപ്രതീക്ഷിത ഉരുൾപൊട്ടലിന് സാദ്ധ്യതയുണ്ട്. കഴിഞ്ഞ ദിവസങ്ങളിലെ മഴയിൽ സംഭരണ ശേഷിയിൽ കൂടുതൽ വെള്ളം മണ്ണിലേക്കിറങ്ങി. ഭൂഗർഭ ജലത്തിന്റെ അളവു കൂടുന്നതിനനുസരിച്ച് മണ്ണിനടിയിൽ മർദ്ദം വർദ്ധിക്കുന്ന സാഹചര്യത്തിലാണ് ഉരുൾപൊട്ടൽ ഉണ്ടാകുന്നത്.22 ഡിഗ്രിക്കു മുകളിൽ ചരിവുള്ള മലപ്രദേശങ്ങളിലാണ് ഉരുൾപൊട്ടൽ സാദ്ധ്യത കൂടുതൽ.ഇതുകൂടാതെ മലയോര മേഖലകളിൽ മണ്ണിടിച്ചി?ൽ സാദ്ധ്യതയും കൂടുതലായതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.വേണ്ടവർ മാറിത്താമസിക്കണമെന്നും നിർദ്ദേശമുണ്ട്.

**കാറ്റിന്റെ വേഗത കൂടി**

പടിഞ്ഞാറൻ കാറ്റിന്റെ വേഗത കൂടും.മഴയോടൊപ്പം അതിശക്തമായ കാറ്റുമുണ്ടാകും.മണിക്കൂറിൽ 65 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശിയേക്കും.

**കടലാക്രമണ സാദ്ധ്യത; ഓറഞ്ച് അലർട്ട്**

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരങ്ങളിൽ കടലാക്രമണ സാദ്ധ്യതയുള്ളതിനാൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

# ദിയാകൃഷ്ണയുടെ കടയിലെ തട്ടിപ്പ്: അന്വേഷണം ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിക്ക് വിട്ടു




തിരുവനന്തപുരം: നടൻ കൃഷ്ണകുമാറിന്റെ മകൾ ദിയാ കൃഷ്ണയുടെ സ്ഥാപനത്തിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണ ചുമതല ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിക്ക് കൈമാറി ഡി.ജി.പി ഉത്തരവായി. അന്വേഷണം നടത്തിയിരുന്ന മ്യൂസിയം പൊലീസിന് ക്രമസമാധാന ചുമതലകൾ ധാരളമുള്ളതിനാൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് സിറ്റി പൊലീസ് കമ്മിഷണർ റിപ്പോർട്ട് നൽകിയിരുന്നു. ആഭരണക്കടയിലെത്തുന്ന ഇടപാടുകാർക്ക് സ്വന്തം അക്കൗണ്ടിലെ ക്യൂ.ആർ കോഡ് നൽകി മൂന്നു ജീവനക്കാരികൾ പണം തട്ടിയെടുത്തെന്നാണ് കേസ്. ഇത്തരത്തിൽ 60 ലക്ഷത്തിലേറെ രൂപ തട്ടിച്ചതിനുള്ള തെളിവുകളുമായാണ് കൃഷ്ണകുമാറും ദിയയും പോലീസിൽ പരാതി നൽകിയത്. ഓ ബൈ ഓസി എന്ന സ്ഥാപനത്തിലെ വിനീത, ദിവ്യ, രാധാകുമാരി എന്നീ മൂന്ന് ജീവനക്കാരികൾക്കെതിരെയാണ് പരാതി. എന്നാൽ കൃഷ്ണകുമാറും മകളും ചേർന്ന് തങ്ങളെ തട്ടിക്കൊണ്ടുപോയി പണം തട്ടിയെടുക്കുകയായിരുന്നുവെന്നാരോപിച്ച് ജീവനക്കാരികളും മ്യൂസിയം പൊലീസിൽ പരാതി നൽകിയിട്ടുണ്ട്. ഇരുവരും മുഖ്യമന്ത്രിക്കും പരാതി നൽകിയിരുന്നു. തട്ടിക്കൊണ്ടു പോകൽ കേസിൽ കൃഷ്ണ കുമാറിന്റെയും ദിയയുടെയും മുൻകൂർ ജാമ്യാപേക്ഷ കോടതി 18ന് പരിഗണിക്കും.മൂന്ന് ദീവനക്കാരികളുടെ ജാമ്യ അപേക്ഷ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി 16ന് പരിഗണിക്കും. തട്ടിക്കൊണ്ടപോകൽ, ഭീഷണിപ്പെടുത്തി പണം തട്ടിയെടുക്കൽ എന്നീ വകുപ്പുകൾ ചുമത്തിയാണ് ജീവനക്കാരികൾ നൽകിയ പരാതിയിൽ കേസെടുത്തിരിക്കുന്നത്.തട്ടിക്കൊണ്ടപോയിട്ടില്ലെന്ന് തെളിയിക്കുന്ന തരത്തിലുള്ള സി.സി.ടിവി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു

# ഗുരുദേവൻ – ഗാന്ധിജി കൂടിക്കാഴ്ച ശതാബ്ദി: ഡൽഹിയിൽ ഒരു ദിവസത്തെ പരിപാടികൾ



ന്യൂഡൽഹി: ഗുരുദേവൻ -ഗാന്ധിജി കൂടിക്കാഴ്ച ശതാബ്ദി ആഘോഷ ഉദ്ഘാടനത്തിന്റെ ഭാഗമായി ജൂൺ 24ന് ഡൽഹിയിൽ ഒരു ദിവസം നീളുന്ന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. വിജ്ഞാൻ ഭവനിൽ ഉച്ചയ്ക്ക് 12ന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ശതാബ്ദി പരിപാടികൾ ഉദ്ഘാടനം ചെയ്യുക. രാവിലെ 9ന് ഭജനയ്ക്കു ശേഷം സ്വാമി അസംഗാനന്ദഗിരി ഗുരുസ്മരണ പ്രഭാഷണം നടത്തും. ഉച്ചക്ക് 12.30ന് പ്രധാനമന്ത്രി പങ്കെടുക്കുന്ന ചടങ്ങിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അദ്ധ്യക്ഷത വഹിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യതിഥിയായിരിക്കും. യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ് എം.പി, ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, ഓൾ ഇന്ത്യ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.ആർ. മനോജ്, ഡൽഹി ശ്രീനാരായണ കേന്ദ്രം പ്രസിഡന്റ് ബീന ബാബുറാം എന്നിവർ പ്രസംഗിക്കും. ഗാന്ധിജി-ഗുരുദേവൻ കൂടിക്കാഴ്ച സംബന്ധിച്ച് ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ ഇംഗ്ലീഷിലും മലയാളത്തിലും രചിച്ച പുസ്തകം ചടങ്ങിൽ പ്രധാനമന്ത്രിക്ക് സമർപ്പിക്കും. ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ സ്വാഗതവും ട്രഷറർ സ്വാമി ശാരദാനന്ദ നന്ദിയും പറയും.

**ശിവഗിരിയിൽ മഹാഗുരുപൂജ**

ശിവഗിരി : ശിവഗിരി മഠത്തിലെ പ്രധാന വഴിപാടായ മഹാഗുരുപൂജയിൽ ഇന്ന് എസ്.എൻ.ഡി.പി യോഗം 50ാം നമ്പർ കുന്നന്താനം ശാഖയും പങ്കെടുക്കും. വിവിധ എസ്.എൻ.ഡി.പി യോഗം ശാഖകളും ക്ഷേത്രങ്ങളും ഗുരുധർമ്മ പ്രചരണ സഭാ യൂണിറ്റുകളും മറ്റു ഗുരുദേവ പ്രസ്ഥാനങ്ങളും വിവിധ സംഘടനകളും ശിവഗിരിയിൽ മഹാഗുരുപൂജ നടത്തിവരുന്നു. സംസ്ഥാനത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിൽ നിന്നും പൂജയിൽ സംഘടനകളും വ്യക്തികളും പങ്കെടുക്കാറുണ്ട്. സ്കൂൾ തുറന്നതോടെ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് വേണ്ടിയും തുടർ പഠനം നടത്തുന്ന കുട്ടികൾക്കുവേണ്ടിയും പേരും നക്ഷത്രവും നൽകി കുടുംബാംഗങ്ങൾ മഹാഗുരുപൂജയിൽ പങ്കാളികളാകുന്നുണ്ട്. വിവരങ്ങൾക്ക് : 9447551499.

# വാഹന പരിശോധനയിൽ രാഷ്ട്രീയ വിവേചനമില്ല: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ




തിരുവനന്തപുരം: രാഷ്ട്രീയ വിവേചനത്തോടെയല്ല തിരഞ്ഞെടുപ്പു കമ്മിഷൻ ഉദ്യോഗസ്ഥർ നിലമ്പൂരിൽ വാഹന പരിശോധന നടത്തുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ ഖേൽക്കർ. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളും ജില്ലാ പ്രസിഡന്റുമാരും സെക്രട്ടറിമാരും അടക്കമുള്ളവരുടെ വാഹനങ്ങൾ പരിശോധിക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് നേതാക്കളായ ഷാഫി പറമ്പിലും രാഹുൽ മാങ്കൂട്ടത്തിലും സഞ്ചരിച്ച വാഹനം തടഞ്ഞ് പെട്ടികളടക്കം പരിശോധിച്ചത് വിവാദമായതിനെത്തുടർന്നാണ് വിശദീകരണം. രാഷ്ട്രീയ കക്ഷിയേതെന്ന് നോക്കിയല്ല പരിശോധന. മന്ത്രിമാർ സഞ്ചരിക്കുന്ന സ്വകാര്യ വാഹനങ്ങളും ഉദ്യോഗസ്ഥർ പരിശോധിക്കും. വാഹനപരിശോധനയെക്കുറിച്ച് പരാതി ലഭിച്ചാൽ പരിശോധിക്കാൻ കളക്ടറോട് നിർദ്ദേശിച്ചതായും അദ്ദേഹം പറഞ്ഞു.

# ശബരിമല നട തുറന്നു



ശബരിമല: മിഥുനമാസ പൂജകൾക്കായി ശബരിമല നട തുറന്നു. ഇന്നലെ വൈകിട്ട് 5ന് തന്ത്രി കണ്ഠരര് രാജീവര്, മകൻ കണ്ഠര് ബ്രഹ്മദത്തൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നടതുറന്ന് ശ്രീലകത്ത് ദീപം തെളിച്ചു. തുടർന്ന് പതിനെട്ടാം പടിയിറങ്ങി താഴെ തിരുമുറ്റത്തെ ആഴിയിൽ അഗ്നിജ്വലിപ്പിച്ചു. മാളികപ്പുറം ക്ഷേത്രനട മേൽശാന്തി വാസുദേവൻ നമ്പൂതിരി തുറന്നു. ഇന്നലെ പ്രത്യേക പൂജകളില്ലായിരുന്നു. ഇന്ന് പുലർച്ചെ 5ന് നടതുറന്ന് നിർമ്മാല്യ ദർശനവും പതിവ് അഭിഷേകവും നടത്തും. ഇന്നുമുതൽ കിഴക്കേ മണ്ഡപത്തിൽ തന്ത്രിയുടെ കാർമ്മികത്വത്തിൽ ഗണപതിഹോമം, നെയ്യഭിഷേകം, ഉഷഃപൂജ, ഉദയാസ്തമന പൂജ, കളഭാഭിഷേകം, ഉച്ചപൂജ എന്നിവയ്ക്കുശേഷം ഒന്നിന് നടയടയ്ക്കും. വൈകിട്ട് നാലിന് നടതുറക്കും. 6.30ന് ദീപാരാധനയ്ക്കുശേഷം പടിപൂജ, പുഷ്പാഭിഷേകം, അത്താഴപൂജ. ഇന്നലെ ഉച്ചമുതൽ പെയ്യുന്ന ശക്തമായ മഴയെ അവഗണിച്ച് ആയിരക്കണക്കിന് തീർത്ഥാടകരാണ് എത്തിയത്. മിഥുനമാസ പൂജകൾ പൂർത്തിയാക്കി 19ന് രാത്രി 10ന് നടയടയ്ക്കും.

# സ്ത്രീകളിലെ രക്തസംബന്ധമായ രോഗങ്ങൾക്ക് ചികിത്സാ മാർഗരേഖ




പെൺകുട്ടികളിലേയും സ്ത്രീകളിലേയും രക്തസംബന്ധമായ രോഗങ്ങൾക്ക് (ബ്ലീഡിംഗ് ഡിസോഡേഴ്സ്) ആരോഗ്യ വകുപ്പ് ചികിത്സാ മാർഗരേഖ തയ്യാറാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയയുടെ മാനദണ്ഡങ്ങള്ക്കനുസരിച്ച് ഹീമോഫീലിയ ടെക്നിക്കല് കമ്മിറ്റിയാണ് മാര്ഗരേഖ തയ്യാറാക്കിയത്. ആരോഗ്യ പ്രവര്ത്തകര്ക്ക് ഇത് സംബന്ധിച്ച് പരിശീലനം നല്കുന്നതാണ്. ഇതിലൂടെ അമിത രക്തസ്രാവം മൂലം ബുദ്ധിമുട്ടുന്ന പെകുട്ടികള്ക്കും സ്ത്രീകള്ക്കും ഏകീകൃതവും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി. രക്തം കട്ടപിടിക്കുന്നതിൽ വരുന്ന തകരാറുകള് മൂലമുണ്ടാകുന്ന ഹീമോഫീലിയ രോഗത്തെക്കുറിച്ച് അവബോധം നല്കുന്നതിനായാണ് എല്ലാ വര്ഷവും ഏപ്രില് 17 ന് ലോക ഹീമോഫീലിയ ദിനമായി ആചരിക്കുന്നത്. വേള്ഡ് ഫെഡറേഷന് ഓഫ് ഹീമോഫീലിയയുടെ സ്ഥാപകനായ ഫ്രാങ്ക് ഷ്നാബലിന്റെ ജന്മദിനമാണ് ഹീമോഫീലിയ ദിനമായി ആചരിക്കുന്നത്. ഹീമോഫീലിയ ബാധിച്ച സ്ത്രീകള്ക്കും പെണ്കുട്ടികള്ക്കും രോഗനിര്ണയത്തിലും ചികിത്സയിലും തുല്യത ലഭിക്കണം എന്നതിനാണ് ഈ തീം ഊന്നല് നല്കുന്നത്. പരമാവധി മരുന്ന് സംഭരിച്ച് ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയില് വികേന്ദ്രീകരിക്കാനാണ് സര്ക്കാര് ലക്ഷ്യമിടുന്നത്. ഹീമോഫീലിയ രോഗ പരിചരണത്തിന് രാജ്യത്ത് ആദ്യമായി നൂതന ചികിത്സയായ വിലയേറിയ എമിസിസുമാബ് പ്രൊഫൈലാക്സിസ് ഈ സര്ക്കാരിന്റെ കാലത്ത് ആരംഭിച്ചു. 18 വയസിന് താഴെയുള്ള കുട്ടികള്ക്കും 18 വയസിന് മുകളിലുള്ള ഗുരുതര രോഗികള്ക്കും ടെക്നിക്കല് കമ്മിറ്റിയുടെ നിര്ദേശാനുസരണവും എമിസിസുമാബ് പ്രൊഫൈലാക്സിസ് നല്കി വരുന്നു. നിലവില് കുട്ടികളും മുതിര്ന്നവരും ഉള്പ്പെടെ 324 പേര്ക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് നല്കി വരുന്നുണ്ട്. കഴിഞ്ഞ വര്ഷം 58 കോടിയോളം രൂപയുടെ ചികിത്സയാണ് സൗജന്യമായി നല്കിയത്. ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയായ ആശാധാര പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. 2194 ഹീമോഫീലിയ രോഗികളുടെ ചികിത്സയും പരിചരണവും ഈ പദ്ധതിയിലൂടെയാണ് നല്കിവരുന്നത്. ഹീമോഫിലിയ പോലെയുള്ള അപൂര്വ രോഗങ്ങള് ബാധിച്ചവരെ ചേര്ത്തു നിര്ത്തുന്ന സമീപനമാണ് സര്ക്കാര് എക്കാലവും സ്വീകരിച്ചു വരുന്നത്.

# പോഷകസമ്പന്നമായ ഈ 'സൂപ്പർഫുഡ്' ഗുരുതര രോഗങ്ങൾക്ക് കാരണമാകും



ആരോഗ്യത്തിൽ ശ്രദ്ധിക്കുന്ന പലർക്കും പറ്റുന്ന ഏറ്റവും വലിയ തെറ്റുകളിലൊന്നാണ് നല്ലതെന്ന് തോന്നുന്ന ഭക്ഷണം അമിതമായി കഴിക്കുന്നത്. ഇത്തരത്തിൽ 'ആരോഗ്യകരമായ' ഭക്ഷണങ്ങൾ ചില സാഹചര്യത്തിൽ ദൂരവ്യാപകമായി പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കും എന്നതാണ് പലരുടേയും അനുഭവങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. പറഞ്ഞുവരുന്നത് പോഷകങ്ങളാലും ആന്റിഓക്സിഡന്റുകളാലും സമൃദ്ധമായ ബ്രസീലിയൻ നട്സിനെ പറ്റിയാണ്. രോഗപ്രതിരോധത്തിനും തൈറോയ്ഡ് ആരോഗ്യത്തിനുമെല്ലാം ബ്രസീൽ നട്സ് മികച്ചതാണ്. കൂടാതെ, മഗ്നീഷ്യം, ഫോസ്ഫറസ്, സിങ്ക്, വിറ്റാമിൻ ഇ, ആരോഗ്യകരമായ കൊഴുപ്പുകൾ, പ്രോട്ടീൻ, നാരുകൾ എന്നിവയും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇത്രയധികം ഗുണങ്ങളുണ്ടെങ്കിലും കണക്കില്ലാതെ ബ്രസീൽ നട്സ് കഴിക്കുന്നത് ശരീരത്തിൽ സെലിനിയത്തിന്റെ അളവ് വർധിപ്പിക്കാൻ കാരണമാകുമെന്നാണ് വിദഗ്ധർ പറയുന്നത്. ദൈനംദിനം 55 മൈക്രോഗ്രാം സെലീനിയം മാത്രമേ ഒരാൾക്ക് ആവശ്യമുള്ളൂ. ഗർഭിണികൾക്ക് ഇത് 60 മൈക്രോഗ്രാമും മുലയൂട്ടുന്ന സ്ത്രീകൾക്ക് 70 മൈക്രോഗ്രാം ആണെന്നുമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് വ്യക്തമാക്കുന്നത്. അതിനാൽ, ഈ അളവിൽ കൂടുതൽ സെലീനിയം ശരീരത്തിലെത്തുന്നത് സെലനോസിസിന് കാരണമായേക്കും. വായിൽ ലോഹത്തിന്റെ രുചി അനുഭവപ്പെടുക, വയറിളക്കം, ക്ഷീണം, സന്ധി വേദന തുടങ്ങിയ ലക്ഷണങ്ങൾ സെലനോസിസ് മൂലം ഉണ്ടായേക്കാം. തീവ്രമാകുന്ന അവസ്ഥയിൽ ഹൈപ്പർ റിഫ്ലെക്സിയ, മുടി കൊഴിച്ചിൽ, ചർമത്തിൽ ചൊറിച്ചിൽ എന്നിവയും ബാധിച്ചേക്കാം. അതായത് ദൈനംദിനം ഒന്നോ രണ്ടോ ബ്രസീൽ നട്സ് മാത്രം കഴിക്കുന്നതാണ് ശരിയായ രീതിയിൽ ഇവ കഴിക്കേണ്ട രീതി. ആവശ്യമായ സെലീനിയം ഇതുവഴി ലഭിക്കും രാവിലെ സ്മൂത്തിയിൽ ബ്രസീൽ നട്സ് ചേർക്കുന്നതും നല്ലതാണ്. കൂടാതെ, സാലഡിലും യോഗർട്ടിലും നട്സ് അരിഞ്ഞ വിതറിയും മറ്റ് നട്സിന്റേയും പഴങ്ങളുടേയും ഒപ്പവും ബ്രസീൽ നട്സ്

# പകൽ ഉറങ്ങുന്നവരാണോ നിങ്ങൾ?;ഇവ ശ്രദ്ധിക്കാം



ആരോഗ്യകരമായ ജീവിതത്തിന് ഉറക്കം വളരെയേറെ പ്രധാനമാണ്. ഒരു ദിവസം ആറ് മുതല് എട്ടുമണിക്കൂർ വരെ ഉറങ്ങണമെന്നാണ് പഠനങ്ങളും പറയുന്നത്. എന്നാൽ, ഈ ഉറക്കത്തിനെല്ലാം പുറമെ നമ്മളിൽ പലർക്കും പ്രിയപ്പെട്ടതാണ് പകൽ ഉറക്കങ്ങൾ. അലസമായ ദിവസങ്ങളിൽ ഉച്ചഭക്ഷണത്തിന് ശേഷം മയങ്ങുന്ന നിരവധി പേരെ നമുക്കുചുറ്റും കാണാനും സാധിക്കും. ഈ ഉറക്കങ്ങളെല്ലാം ശരീരത്തിന് നല്ലതാണോ?. അതെ എന്നും അല്ലെന്നുമാണ് ഉത്തരം. നിങ്ങൾ എപ്പോൾ, എങ്ങിനെ, എത്ര നേരെ ഉറങ്ങുന്നു എന്നതിലാണ് കാര്യം. ശരിയായ രീതിയിലാണ് ഉറക്കമെങ്കിൽ അത് നമുക്ക് ഉന്മേഷം നൽകുകയും നേരെ മറിച്ചാണ് കാര്യമെങ്കിൽ കൂടുതൽ ക്ഷീണത്തിലേക്ക് തള്ളിവിടുകയും ചെയ്യും. ഒരുപക്ഷേ, നമ്മുടെ രാത്രി ഉറക്കത്തെപ്പോലും ഇത് ബാധിച്ചേക്കാം.

**20 മുതൽ 30 മിനിറ്റ് വരെ**

ചെറുമയക്കങ്ങളുടെ സമയം 20 മുതൽ 30 മിനിറ്റിനുള്ളിൽ ചുരുക്കുന്നതാണ് നല്ലത്. കൂടുതൽ നേരം ഉറങ്ങുന്നത് പിന്നീട് നമ്മൾ എഴുന്നേൽക്കുമ്പോൾ അലസത അനുഭവപ്പെടാൻ കാരണമായേക്കും. എന്നാൽ, കൃത്യമായ സമയങ്ങളിലുള്ള ചെറുമയക്കം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിനും കാരണമാകുന്നു. ഒരു രാത്രി മുഴുവൻ ഉറങ്ങുന്നതിന് പകരമായിട്ടല്ല ഈ ചെറുമയക്കങ്ങളെ കാണേണ്ടത്. മറിച്ച്, ഒരു മാനസിക ഉന്മേഷത്തിനായി മാത്രം ഉറങ്ങുക.

**നാലിന് ശേഷം ഉറങ്ങരുത്**

വൈകീട്ട് നാലിന് ശേഷമുള്ള ഉറക്കം നമ്മുടെ സ്ലീപ്പ് സൈക്കിളിനെ ബാധിച്ചേക്കാമെന്നാണ് വിദഗ്ധർ പറയുന്നത്. ഇത് രാത്രിയുള്ള ഉറക്കം ബുദ്ധിമുട്ടാക്കും. ഉച്ചയ്ക്ക് ഒന്നിനും മൂന്നിനും ഇടയിൽ വേണം ചെറുമയക്കങ്ങൾ പൂർത്തീകരിക്കാൻ. വൈകീട്ടുള്ള ഉറക്കം ആ സമയത്ത് മികച്ചതായി തോന്നുമെങ്കിലും ദൂരവ്യാപകമായി പല പ്രശ്നങ്ങളുമുണ്ടാക്കിയേക്കാം.

പകലുറക്കങ്ങൾ സ്ഥിരമാക്കരുത്

പകൽ സമയത്തുള്ള ഉറക്കം ഒരുകാരണവശാലും സ്ഥിരമാക്കരുത്. സ്ഥിരമായി ഇങ്ങനെ ഉറങ്ങുന്നുണ്ടെങ്കിൽ അത് മറ്റെന്തെങ്കിൽ വിഷയങ്ങളുടെ അടിസ്ഥാന ലക്ഷണമായിരിക്കാൻ സാധ്യതയുണ്ട്. രാത്രിയിലെ ഉറക്കക്കുറവ്, സമ്മർദ്ദം, **സ്ലീപ്** അപ്നിയ, അയൺ കുറവ്, ചില മരുന്നുകൾ എന്നിവയെല്ലാം വിട്ടുമാറാത്ത ക്ഷീണത്തിന് കാരണമായേക്കാം. രാത്രി ആറ് മണിക്കൂറിലധികം ഉറങ്ങിയിട്ടും വിട്ടുമാറാത്ത ക്ഷീണമുണ്ടെങ്കിൽ ഒരു ഡോക്ടറുടെ സഹായം തേടണം.

**ഭക്ഷണത്തിന് ശേഷം ഉടൻ ഉറങ്ങരുത്**

കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണം കഴിച്ച ഉടനെ ഉറങ്ങുന്നത് അസിഡിറ്റിയ്ക്കും ദഹനക്കേടിനും കാരണമായേക്കാം. ഭക്ഷണം കഴിച്ച ശേഷം അത് ദഹിക്കാൻ ഏറ്റവും കുറഞ്ഞത് അര മണിക്കൂറെങ്കിലും ശരീരത്തിന് നൽകുക. ഭക്ഷണം കഴിച്ച ഉടനെ വിശ്രമിക്കണമെങ്കിൽ ഉറങ്ങുന്നതിന് പകരം എവിടെയെങ്കിലും ചാരി ഇരിക്കാവുന്നതാണ്.

# പുരുഷന്മാരിലെ വന്ധ്യത: ചികിത്സ തേടേണ്ടത് ഏതെല്ലാം സാഹചര്യത്തിൽ



പുരുഷന്മാരുടെ വന്ധ്യതയുടെ കാരണ്ങ്ങൾ തിരഞ്ഞ് പോകുമ്പോൾ പലപ്പോഴും ചെന്ന് നില്ക്കാറുള്ളത് ബീജത്തിന്റെ എണ്ണക്കുറവിലും ഗുണക്കുറവിലുമൊക്കെയാകാം. വന്ധ്യതയുടെ കാരണങ്ങൾ അറിഞ്ഞ് വേണം ഏത് തരം ചികിത്സ വേണമെന്ന് തീരുമാനിക്കാൻ.

1. ഒരു വർഷമായി ശ്രമിച്ചിട്ടും ഗർഭധാരണം നടക്കാത്ത സാഹചര്യത്തിൽ
2. സ്ത്രീ പങ്കാളിക്ക് 35 വയസ്സിന് മുകളിൽ പ്രായമുണ്ടാകുകയും ആറ് മാസത്തെ ശ്രമങ്ങള്ക്ക് ശേഷവും ഗർഭധാരണം നടക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ
3. **ശുക്ലത്തിന്റെ അളവിലും നിറത്തിലും സാന്ദ്രതയിലും പ്രകടമായ മാറ്റങ്ങള് അനുഭവപ്പെടുന്ന പക്ഷം**
4. **ലൈംഗിക ഉദ്ധാരണപ്രശ്നം, സ്ഖലനത്തിലെ പ്രശ്നങ്ങള്, ഉദ്ധാരണസമയത്തോ ബന്ധപ്പെടുന്ന സമയത്തോ ഉള്ള വേദന എന്നിവ അനുഭവപ്പെട്ടാല്**
5. **പുരുഷ പങ്കാളി കീമോതെറാപ്പി, റേഡിയോതെറാപ്പി എന്നിവ നേരിടുകയും മറ്റ് മാറാരോഗങ്ങളുടെ ചരിത്രം ഉണ്ടാവുകയും ചെയ്യുമ്പോള് ഗര്ഭധാരണത്തിന് മുന്പ് ഡോക്ടറെ കാണേണ്ടത് അത്യാവശ്യമാണ്.**
6. **ലൈംഗികാവയവങ്ങള്ക്ക് എന്തെങ്കിലും ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ളവരും കുട്ടിക്കാലത്ത് ജനനേന്ദ്രിയത്തിന് അണുബാധകള് വരുകയും ചെയ്തിട്ടുള്ളവര്. ഇനി പറയുന്ന ചികിത്സ മാര്ഗ്ഗങ്ങളാണ് പുരുഷ വന്ധ്യതയെ പരിഹരിക്കാന് ഡോക്ടര്മാര് നിര്ദ്ദേശിക്കാറുള്ളത്.**

**1. ജീവിതശൈലി മാറ്റങ്ങള്**

**പുകവലി, മദ്യപാനം, ഹാനികരങ്ങളായ രാസവസ്തുക്കളുമായുള്ള സമ്പര്ക്കം എന്നിവ ഒഴിവാക്കാന് ആവശ്യപ്പെടും.**

**2. മാറാരോഗങ്ങള്ക്ക് ചികിത്സ**

**പ്രമേഹം, ഹൈപ്പര്ടെന്ഷന് പോലുള്ള മാറാരോഗങ്ങള്ക്ക് ചികിത്സ തേടുന്നതും വന്ധ്യത ചികിത്സയില് നിര്ണ്ണായകമാണ്.**

**3. മരുന്നുകളും ആന്റി ഓക്സിഡന്റുകളും**

**ബീജത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും എണ്ണം കൂട്ടാനുമുള്ള മരുന്നുകളും ആന്റി ഓകസിഡന്റുകളും 2–3 മാസത്തേക്ക് നിര്ദ്ദേശിക്കാറുണ്ട്.**

**4. ശസ്ത്രക്രിയ**

**കടുത്ത വെരിക്കോസീല്(ഗ്രേഡ് 3) രോഗികള്ക്ക് ശസ്ത്രക്രിയ അടക്കമുള്ള ചികിത്സകള് ആവശ്യമായി വരാറുണ്ട്.**

**5. അസിസ്റ്റഡ് റീപ്രൊഡക്ടീവ് സങ്കേതങ്ങള്**

**പ്രകൃതിദത്തമായ ഗര്ഭധാരണം നടക്കാത്തവര്ക്ക് ഇന്ട്രാ യൂട്ടറിന് ഇന്സെമിനേഷന്, ഇന്വിട്രോ ഫെര്ട്ടിലൈസേഷന് പോലുള്ള മാര്ഗ്ഗങ്ങളിലൂടെയുള്ള ഗര്ഭധാരണം ഇന്ന് സാധ്യമാണ്. സമ്മര്ദ്ദം ലഘൂകരിക്കുന്നതും സന്തുലിതമായ ഭക്ഷണശൈലി പിന്തുടരുന്നതും വ്യായാമം അടക്കമുള്ള ജീവിതശൈലി മാറ്റങ്ങള് വരുത്തുന്നതും ലക്ഷണങ്ങള്ക്ക് കൃത്യസമയത്ത് ചികിത്സ തേടുന്നതും പുരുഷന്മാരുടെ വന്ധ്യത നിവാരണത്തില് സ്വാധീനം ചെലുത്തുമെന്നും ഡോ. വന്ദന കൂട്ടിച്ചേർക്കുന്നു.**

# തടി കുറയ്ക്കാൻ പട്ടിണി കിടക്കേണ്ട!



നിങ്ങളുടെ സുഹൃത്തിനെ 10 കിലോ കുറയ്ക്കാൻ സഹായിച്ച സൂത്രങ്ങൾ ചിലപ്പോൾ നിങ്ങളിൽ ഒരുമാറ്റവും ഉണ്ടാക്കില്ല. അതുകൊണ്ട് നമ്മുടെ ശരീരത്തിനും രീതികൾക്കും ചേർന്നുപോകുന്ന മാറ്റങ്ങളാണ് ആദ്യഘട്ടത്തിൽ വരുത്തേണ്ടത്. ആരോഗ്യപ്രശ്നങ്ങളെക്കൊണ്ട് പൊറുതിമുട്ടുമ്പോഴോ ഇഷ്ടമുള്ളതൊന്നും ധരിക്കാൻ കഴിയാതെ വരുമ്പോഴൊക്കെയാണ് മിക്കവരും അമിതവണ്ണത്തെ വരുതിയിലാക്കാൻ വഴികൾ തേടുന്നത്. ഇതോടെ വണ്ണം കുറയ്ക്കാൻ കുറുക്ക് വഴികൾ തേടുന്നവർ കുറവല്ല.

**നിങ്ങൾക്ക് പിന്തുടരാൻ ചില ഡയറ്റ് റെസിപ്പികൾ. ഇവിടെ ക്ലിക്ക് ചെയ്യാം**

പ്രായഭേദമന്യേ ഇന്ന് പലരും നേരിടുന്ന പ്രധാന പ്രശ്നമാണ് അമിതവണ്ണം. അമിതവണ്ണം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നിരവധിയാണ്. ജീവിതശൈലിയിൽ വന്ന മാറ്റങ്ങളും പുതിയ ഭക്ഷണരീതികളുമെല്ലാം യുവാക്കളിൽ പോലും ഇന്ന് അമിതവണ്ണമുണ്ടാക്കുന്നു. ദൈനംദിനജീവിതത്തെ പോലും ബാധിച്ചുതുടങ്ങുമ്പോഴാണ് പലരും അമിതവണ്ണത്തെ ഗൗരവമായി എടുക്കാറുള്ളു. പ്രമേഹവും കൊളസ്ട്രോളും എന്ന് തുടങ്ങി ഒരുകാലത്ത് വാർധക്യത്തിൽ കണ്ടുവന്നിരുന്ന അസുഖങ്ങളിൽ പലതും ഇന്ന് യുവതലമുറയേയും അലട്ടുന്നു. ചിട്ടയായ ഭക്ഷണരീതിയും കൃത്യമായ വ്യായാമവും കൊണ്ട് അമിതവണ്ണത്തേയും അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെയും നമുക്ക് നിയന്ത്രിക്കാനാകും.

**മനസ്സ് പാകമാവണം**

അമിതവണ്ണത്തെ വരുതിയിലാക്കാൻ ആദ്യമായി ചെയ്യേണ്ടത് ഇതിനായി മാനസികമായി തയ്യാറാവുക എന്നതാണ്. നിലവിലെ നമ്മുടെ ഭക്ഷണ-ജീവിത രീതികളെക്കുറിച്ച് വ്യക്തമായ അറിവ് നമുക്കുണ്ടാകണം. ഇതിന് അനുസരിച്ചായിരിക്കണം ഭക്ഷണവും വ്യായാമവും ക്രമീകരിക്കേണ്ടത്. നിങ്ങളുടെ സുഹൃത്തിനെ 10 കിലോ കുറയ്ക്കാൻ സഹായിച്ച സൂത്രങ്ങൾ ചിലപ്പോൾ നിങ്ങളിൽ ഒരുമാറ്റവും ഉണ്ടാക്കില്ല. അതുകൊണ്ട് നമ്മുടെ ശരീരത്തിനും രീതികൾക്കും ചേർന്നുപോകുന്ന മാറ്റങ്ങളാണ് ആദ്യഘട്ടത്തിൽ വരുത്തേണ്ടത്.

**കുറുക്കുവഴികൾ ആപത്ത്**

ആരോഗ്യപ്രശ്നങ്ങളെക്കൊണ്ട് പൊറുതിമുട്ടുമ്പോഴോ ഇഷ്ടമുള്ളതൊന്നും ധരിക്കാൻ കഴിയാതെ വരുമ്പോഴൊക്കെയാണ് മിക്കവരും അമിതവണ്ണത്തെ വരുതിയിലാക്കാൻ വഴികൾ തേടുന്നത്. ഇതോടെ വണ്ണം കുറയ്ക്കാൻ കുറുക്ക് വഴികൾ തേടുന്നവർ കുറവല്ല. 10 ദിവസം കൊണ്ടും 15 ദിവസം കൊണ്ടും വണ്ണം കുറയ്ക്കാനുള്ള വഴികൾ പരീക്ഷിച്ച് മറ്റ് വലിയ ആരോഗ്യപ്രശ്നങ്ങൾ നേരിടേണ്ടി വന്നവർ ചെറുതല്ല. ചിലരാകട്ടെ അമിതമായി ഭക്ഷണം നിയന്ത്രിച്ച് അമിത വണ്ണത്തോട് പൊരുതാൻ നോക്കും. അമിതമായ ഭക്ഷണനിയന്ത്രണം ക്ഷീണവും തളർച്ചയ്ക്കും ഇടയാകും. ഇതോടെ ദിവസങ്ങൾക്കുള്ളിൽ തന്നെ പഴയ ഭക്ഷണരീതിയിലേക്ക് നമ്മൾ തിരിച്ച് പോകും. കഴിക്കുന്ന ഭക്ഷണത്തിൽ ആവശ്യത്തിന് പ്രോട്ടീനും ഫൈബറും അടങ്ങിയിട്ടില്ലെങ്കിൽ അടിഞ്ഞുകൂടിയ കൊഴുപ്പിനേക്കാൾ അധികം മസിലുകളാണ് നഷ്ടമാവുക. ഇതോടെ ഭാരത്തിൽ കുറവുവരുന്നതിനോടൊപ്പം ആരോഗ്യവും കുറയുന്നു.

**ഭക്ഷണനിയന്ത്രണം എങ്ങനെ?**

നമ്മൾ ദിവസേന കഴിച്ചുവന്നിരുന്ന ഭക്ഷണത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തുന്നതാണ് ഭക്ഷണനിയന്ത്രണത്തിന്റെ ആദ്യഘട്ടം. നമ്മൾ സാധാരണയായി കഴിക്കാറുള്ള ഭക്ഷണത്തിലെ കാർബോഹൈഡ്രേറ്റിന്റെയും കൊഴുപ്പിന്റെയും അളവ് കുറയ്ക്കുകയാണ് ആദ്യപടി. ഈ കുറവ് വരുത്തുന്ന കാർബോഹൈഡ്രേറ്റിനും കൊഴുപ്പിനും പകരമായി പ്രോട്ടീനും ഫൈബറും ഉൾപ്പെടുത്തുക. ഉദാഹരണത്തിന് രാവിലെ 6 ഇഡ്ലി കഴിക്കുന്നൊരാൾ ഇഡ്ലിയുടെ എണ്ണം നാലാക്കുക. കുറവ് വരുത്തിയ രണ്ട് ഇഡ്ലിക്ക് പകരം ഒരു കാരറ്റും കുക്കുംബറും ചേർത്ത സാലഡും ഒരു മുട്ടയുടെ വെള്ളയും കഴിക്കുക. ഇതോടെ ആഹാരം സമീകൃതമാവുകയും ശരീരത്തിന് വിശപ്പ് അനുഭവപ്പെടുകയുമില്ല. ഉച്ചഭക്ഷത്തിലും സമാനമായ രീതിയിൽ മാറ്റങ്ങൾ വരുത്താം. ചോറിന്റെ അളവിൽ കുറവ് വരുത്തുകയും അതിന് പകരമായി ചിക്കനോ, മീനോ പനീറോ പോലെ പ്രോട്ടീൻ അളവ് കൂടുതലുള്ള കറികൾ ഉൾപ്പെടുത്തുകയും ചെയ്യാം. പ്രോട്ടീൻ കൂടുതൽ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് വിശപ്പ് ശമിപ്പിക്കുന്നതിന് സഹായിക്കും. പ്രോട്ടീൻ അടങ്ങിയ ഭക്ഷണം മൂന്ന് നേരവും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടത് പ്രധാനമാണ്. ഒരുഗ്രാം പ്രോട്ടീനിൽ നിന്നും ഒരുഗ്രാം കാർബോഹൈഡ്രേറ്റിൽ നിന്നും നാല് കാലറിയാണ് ലഭിക്കുന്നത്. എന്നാൽ പ്രോട്ടീന്റെ ദഹനപ്രക്രിയക്കായി ശരീരം ചെലവഴിക്കേണ്ടിവരുന്ന ഊർജ്ജം കാർബോഹൈഡ്രേറ്റിനേക്കാൾ ഒരുപാട് കൂടുതലാണ്.

**വേണ്ടത് വ്യായാമവും സമീകൃതാഹാരവും**

നമ്മുടെ ശരീരത്തിന് അതിന്റെ പ്രവർത്തനത്തിനാവശ്യമായ ഊർജ്ജത്തേക്കാൾ കുറവ് ലഭിക്കുമ്പോഴാണ് ക്രമേണ ശരീരഭാരം കുറയുന്നത്. എന്നാൽ ദീർഘനാൾ അമിതമായ ഊർജ്ജനിയന്ത്രണം അനുഭവപ്പെട്ടാൽ കുറഞ്ഞ ഊർജ്ജത്തിൽ പ്രവർത്തിക്കാൻ ശരീരം സജ്ജമാകും. ഇതോടെ ശരീരഭാരത്തിൽ യാതൊരു മാറ്റം വരികയുമില്ല. അതുകൊണ്ട് തന്നെ അമിതനിയന്ത്രണങ്ങളെക്കാൾ സമീകൃതമായ ആഹാരം കൃത്യമായ അളവിൽ കഴിക്കുകയെന്നതാണ് പ്രധാനം. ഒപ്പം ചിട്ടയായ വ്യായാമവും.

# കടുത്ത ക്ഷീണവും ഛർദിയും; ഈ പ്രശ്നങ്ങളെ അവഗണിക്കരുത്,



നമ്മുടെ ശരീരത്തിലെ മാലിന്യങ്ങൾ അരിച്ചു പുറന്തള്ളുന്ന ജോലിയാണ് വൃക്കകൾ ചെയ്യുന്നത്. ഇതോടൊപ്പം ശരീരത്തിനാവശ്യമില്ലാത്ത ജലം, ലവണം, ദ്രാവകങ്ങൾ ഇവയെല്ലാം മൂത്രത്തിലൂടെ പുറത്തേയ്ക്ക് കളയുകയും ചെയ്യുന്നു. ഒരു വൃക്കയ്ക്ക് തകരാർ സംഭവിച്ചാലും പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റം വരില്ല. അടുത്ത വൃക്ക സാധാരണ പ്രവർത്തനം തുടരുകയാണ് ചെയ്യുന്നത്. പെട്ടെന്നുണ്ടാകുന്ന ഒന്നായതിനാൽ തക്കസമയത്ത് ചികിത്സിച്ചാൽ വൃക്കകളുടെ പ്രവർത്തനം പഴയതുപോലെ വീണ്ടെടുക്കാനും ഇന്ന് വിദഗ്ധ ചികിത്സയിലൂടെ സാധിക്കും. അതിനാൽ, രോഗത്തിന്റെ ലക്ഷണങ്ങൾ നേരത്തേ തിരിച്ചറിയേണ്ടതും അനിവാര്യമാണ്.

**1. ക്ഷീണവും ബലഹീനതയും**

വൃക്കകളുടെ പ്രവർത്തനം തകരാറിലാകുന്നത് ശരീരത്തിൽ വിഷാംശമുള്ള വസ്തുക്കളുടെ ശേഖരണത്തിന് കാരണമാകും. ഇതോടെ, രോഗിക്ക് കടുത്ത ക്ഷീണവും ബലഹീനതയും അനുഭവപ്പെടുന്നു. കൂടാതെ, വൃക്കരോഗം വിളർച്ചയ്ക്ക് കൂടെ കാരണമാകുന്നതോടെ ഇതും രോഗിയെ ക്ഷീണിപ്പിക്കുന്നു.

**2. മൂത്രത്തിലുണ്ടാകുന്ന വ്യത്യാസം**

മൂത്രമൊഴിക്കുന്ന രീതിയിലുണ്ടാകുന്ന മാറ്റങ്ങൾ വൃക്കരോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണങ്ങളിലൊന്നാണ്. രാത്രിയിൽ മൂത്രമൊഴിക്കുന്നതിന്റെ തോത് വർധിക്കുക, പ്രോട്ടീന്റെ സാന്നിധ്യം സൂചിപ്പിക്കുന്ന പത പോലെയുള്ള മൂത്രം, മൂത്രത്തിലുണ്ടാകുന്ന നിറവ്യത്യാസം, മൂത്രത്തിൽ രക്തം എന്നിവ വൃക്ക രോഗത്തിന്റെ ലക്ഷണമാകാം. ഈ ലക്ഷണങ്ങളുണ്ടെങ്കിൽ ഉടൻ തന്നെ വൈദ്യസഹായം തേടേണ്ടതും അത്യാവശ്യമാണ്.

**3. ശരീരത്തിലെ നീര്**

വൃക്കകളുടെ പ്രവർത്തനം ശരിയല്ലാതാകുന്നതോടെ ശരീരത്തിന് സോഡിയം നിലനിർത്താനാകാതെ പോകും. ഇത്, രോഗിയുടെ കാലുകളിലും മുഖത്തും കൈകളിലുമെല്ലാം നീര് വയ്ക്കുന്നതിനും വീക്കമുണ്ടാകുന്നതിനും കാരണമാകും.


**4. ചർമത്തിലുണ്ടാകുന്ന ചൊറിച്ചിൽ**

വൃക്കയുടെ പ്രവർത്തനം തകരാറിലാകുന്നത് ശരീരത്തിൽ ചൊറിച്ചിലിന് കാരണമാകും. പ്രത്യേകിച്ച കാലിലും കൈകളിലും പുറത്തും ഈ ചൊറിച്ചിൽ അനുഭവപ്പെട്ടേക്കാം. കണ്ണുകൾക്ക് ചുറ്റുമുള്ള വീക്കവും വൃക്കകൾ തകരാറിലാണെന്നതിന്റെ ലക്ഷണമാകാം.

**5. വിശപ്പില്ലായ്മ**

വൃക്കരോഗം ഓക്കാനത്തിനും ഛർദിക്കും കാരണമായേക്കും. ഇതോടെ രോഗിക്ക് വിശപ്പ് കുറയുകയും ശരീരഭാരം കുറയുകയും ചെയ്യുന്നു.

# പ്രായക്കൂടുതൽ കാരണം മുൻപ് ചെയ്തിരുന്ന ജോലികൾ സാധ്യമാകുന്നില്ലേ? കണ്ടെത്താം പുതുവഴി



നന്നായി കുപ്പായങ്ങൾ തുന്നിയിരുന്ന ഒരു തയ്യൽക്കാരന് 70 വയസ്സെത്തിയപ്പോൾ കൈകൾക്ക് വിറയൽ ബാധിച്ചു. ഏകാഗ്രത അൽപം കുറഞ്ഞു. തുന്നലിൽ പൂർണത പോരായെന്ന തോന്നലുണ്ടായി. ജീവിതംകൊണ്ട് ഇനി എന്ത് പ്രയോജനമെന്ന വിചാരത്തിലായി അദ്ദേഹം. എല്ലാ വൈഭവങ്ങളും അതിന്റെ മികവിൽ എല്ലാ പ്രായത്തിലും നിലനിൽക്കണമെന്നില്ല. പ്രായമോ രോഗങ്ങളോ സൃഷ്ടിക്കുന്ന പരുക്കുകളുമായി പൊരുത്തപ്പെട്ട്, അവശേഷിക്കുന്ന കഴിവുകളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ആലോചിക്കേണ്ടത്. അർഥപൂർണമായ ജീവിതം നയിക്കാൻ പുതുവഴികൾ കണ്ടെത്താനാണ് ശ്രമിക്കേണ്ടത്.

**പുത്തൻ ജീവിതം തുന്നിയെടുക്കാം**

കൈവിറയൽ മൂലം തുന്നൽ പണിയിൽ ക്ലേശിക്കുന്ന വ്യക്തിക്ക് കണ്ടെത്താവുന്ന പുതിയ മാർഗം എന്തായിരിക്കും? സഹായികൾക്കും പഠിക്കാൻ താൽപര്യമുള്ളവർക്കും തയ്യലിന്റെ പാഠങ്ങൾ ചൊല്ലിക്കൊടുക്കാം. ഒരു ഉപദേശകന്റെ റോളിലേക്ക് മാറാം. അതിനുള്ള അവസരങ്ങൾ ഇല്ലെങ്കിൽ ഇഷ്ടപ്പെടുന്ന പുതിയ കാര്യങ്ങൾ കണ്ടെത്തി ചെയ്തുതുടങ്ങാം. എല്ലാക്കാലത്തും ഒരുപോലെ കർമരംഗത്ത് നിലനിൽക്കാനാവില്ലെന്ന യാഥാർഥ്യം പരിഭവമില്ലാതെ ഉൾക്കൊള്ളണം.

**കണ്ടെത്താം ബദൽ വഴികൾ**

അറിവുകളുടെ വിപ്ലവത്തിനൊപ്പം പിടിച്ചുനിൽക്കാനുള്ള കെൽപ് പ്രായംമൂലം കുറയുമ്പോൾ, സാങ്കേതിക രംഗത്തുണ്ടായിരുന്നവർ കൃഷിയിലേക്കും സാമൂഹിക സേവനത്തിലേക്കുമൊക്കെ ചുവടുമാറ്റിയ മാതൃകകളുണ്ട്. വീട്ടുകാരുടെയും പേരക്കുട്ടികളുടെയും കൂട്ടുകാരുടെയുമൊക്കെ ഒപ്പം ചെലവഴിക്കാനുള്ള നല്ല നേരങ്ങൾ കണ്ടെത്തുന്നതു പോലും ബദൽ പ്രവർത്തനമാകും. പരാധീനതകൾക്കുള്ളിലും പ്രസരിപ്പോടെ ജീവിക്കാനുള്ള ഊർജത്തെ ഉണർത്തണം.

# വെളിച്ചെണ്ണ വില ലിറ്ററിന് 400 രൂപ കവിഞ്ഞു



**തിരുവനന്തപുരം:** ഭക്ഷ്യഎണ്ണ ഇറക്കുമതിയുടെ തീരുവ കുറഞ്ഞെങ്കിലും വെളിച്ചെണ്ണ വില ലിറ്ററിന് 400 രൂപയും കവിഞ്ഞ് കുതിക്കുന്നു. 10 മുതൽ 20 രൂപ വരെയാണ് ഒറ്റയടിക്ക് കൂടുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ ഇരട്ടി വിലയാണ് ഇപ്പോഴുള്ളത് . തേങ്ങ ലഭ്യത കുറഞ്ഞതും കൊപ്രാ ക്ഷാമവുമാണ് വില ഉയർത്തുന്നത്. ട്രെൻഡ് തുടർന്നാൽ കേരളത്തിൽ വെളിച്ചെണ്ണ വില ലിറ്ററിന് 500 രൂപ വരെ എത്തുമെന്ന് വ്യാപാരികൾ പറയുന്നു. വില വർദ്ധന രൂക്ഷമായതോടെ വ്യാജ വെളിച്ചെണ്ണ വിൽപ്പന സജീവമാണ്.

**വില വർദ്ധനയ്ക്ക് പിന്നിൽ**

ഒരുകിലോ തേങ്ങ യ്ക്ക് 74 – 82 രൂപ വരെയാണ് വില. കൊപ്രയാക്കി ആട്ടുമ്പോൾ ചെലവ് വീണ്ടും ഉയരും. അയൽ സംസ്ഥാനങ്ങളിലെ കൊപ്ര വരവ് കുറഞ്ഞതും വെല്ലുവിളി രൂക്ഷമാക്കുന്നു. സംസ്ഥാനത്തെ ചെറുകിട മിൽ ഉടമകളും പ്രതിസന്ധിയിലാണ്. നിലവിലെ സാഹചര്യത്തിൽ വെളിച്ചെണ്ണയുടെ ഉത്പാദന ചെലവ് ലിറ്ററിന് 350 രൂപയ്ക്ക് മുകളിലാണ്. 60 –65 കിലോ വെളിച്ചെണ്ണ കിട്ടാൻ 100 കിലോ കൊപ്രയാണ് വേണ്ടത്.

**വിപണിയിൽ വ്യാജന്മാരും**

മുന്തിയ ബ്രാൻഡുകളോട് സാദൃശ്യമുള്ളതും എന്നാൽ പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്തതുമായ പേരുകളിൽ വ്യാജന്മാർ വിപണിയിൽ സജീവമാണ്. പാം കെർണൽ ഓയിലും വിലകുറഞ്ഞ എണ്ണകളും ചേർത്ത് വിലക്കുറവിലാണ് ഇവയുടെ വില്പന. പെട്രോളിയം ഉപോത്പന്നമായ പാരഫിൻ ഓയിൽ ചേർത്ത വെളിച്ചെണ്ണ ആരോഗ്യത്തിന് വെല്ലുവിളിയാണ്.




# മൈജിയുടെ കൊല്ലം ഫ്യൂച്ചർ ഷോറൂമിന് തുടക്കം

കൊല്ലം : മൈജി ഫ്യൂച്ചറിന്റെ പുതിയ വലിയ ഷോറൂം കൊല്ലത്ത് പ്രശസ്ത സിനിമാതാരം ആസിഫ് അലി ഉദ്ഘാടനം ചെയ്തു. പള്ളിമുക്ക് വടക്കേവിളയിൽ ദമാം ബിൽഡിംഗിലാണ് അതിവിശാലമായ ഷോറൂം. ഡിജിറ്റൽ ഗാഡ്ജറ്റ്സിനൊപ്പം ഹോം ആൻഡ് കിച്ചൺ അപ്ലയൻസസ്, സ്മോൾ അപ്ലയൻസസ്, ഗ്ലാസ് , ക്രോക്കറി പ്രൊഡ്രക്സ് എന്നിവ ഈ ഫ്യൂച്ചർ ഷോറൂമിൽ ലഭിക്കും. ആധുനികതയും ഗുണമേന്മയും ഒരുമിക്കുന്ന ഈ ഫ്യൂച്ചർ ഷോറൂമിൽ ഏറ്റവും മികച്ച ഓഫറുകളും ഏറ്റവും വലിയ വിലക്കുറവുമാണ് ഒരുക്കിയിട്ടുള്ളത്. ഉദ്ഘാടന ദിനത്തിൽ ലാഭം ഈടാക്കാതെയുള്ള വിൽപ്പനയാണ് സമർപ്പിച്ചത്. സ്പെഷ്യൽ വിലക്കുറവ്, ഷോറൂം സന്ദർശിച്ചവരിൽനിന്ന് ഓരോ മണിക്കൂറിലും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തവർക്ക് വമ്പൻ ഭാഗ്യസമ്മാനങ്ങൾ, സർപ്രൈസ് സമ്മാനങ്ങൾ ഒരുക്കിയ മൈജിയുടെ ബോൾ ഗെയിം എന്നിവയും ഉണ്ടായിരുന്നു. ലോകോത്തര ബ്രാൻഡഡ് ഉത്പന്നങ്ങൾ ഏറ്റവും ലാഭത്തിൽ വീട്ടിലെത്തിക്കാനുള്ള അസുലഭ അവസരമാണ് ഉപഭോക്താക്കൾക്ക് ലഭിച്ചത്.

# ഏരീസ് ഇൻഫ്ര സൊല്യൂഷൻസ് ഐ.പി.ഒ 18 മുതൽ




കൊച്ചി: ഏരീസ് ഇൻഫ്ര സൊല്യൂഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐ.പി.ഒ) ജൂൺ 18 മുതൽ 20 വരെ നടക്കും. ഐ.പി.ഒയിലൂടെ 499.59 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇത്രയും തുകയുടെ പുതിയ ഓഹരികളാണ് ഐ.പി.ഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 210 രൂപ മുതൽ 222 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 67 ഇകിറ്റി ഓഹരികൾക്കും തുടർന്ന് 67 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻ.എസ്.ഇയിൽ ലിസ്റ്റ് ചെയ്യും. ജെ.എം ഫിനാൻഷ്യൽ, ഐ.ഐ.എഫ്.എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ് എന്നിവരാണ് ഐ.പി.ഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# കാശ്മീർ ടൂറിസത്തെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ




കൊച്ചി: പഹൽഗാം ആക്രമണത്തിനുശേഷം നിർജീവമായ കാശ്മീർ വിനോദസഞ്ചാരം പുനരുജ്ജീവിപ്പിക്കാൻ ട്രാവൽ ഏജന്റുമാർ രാജ്യവ്യാപകമായി പ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നു. സഞ്ചാരികൾക്ക് സുരക്ഷിതത്വവും അവിസ്മരണീയവുമായ അനുഭവവും ഒരുക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് കാശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള കേരളത്തിൽ നിന്നുൾപ്പെടെയുള്ള ട്രാവൽ ഏജന്റുമാർക്ക് ഉറപ്പുനൽകി. സഞ്ചാരികളുടെ ആശങ്ക അകറ്റാൻ ട്രാവൽ ഏജന്റ്സ് അസോസിയേഷൻ ഒഫ് ഇന്ത്യ (ടി.എ.എ.ഐ) സംഘടിപ്പിച്ച 'റാലി ഫോർ ദ വാലി' പരിപാടിയിലാണ് തീരുമാനം. കേരളത്തിൽനിന്ന് 17പേർ പങ്കെടുത്തു. സഞ്ചാരികളെ വീണ്ടും ആകർഷിക്കാൻ പുതിയപദ്ധതികൾ ആവിഷ്കരിച്ചുവരികയാണെന്ന് ശ്രീനഗറിൽ ടി.എ.എ.ഐ ഭാരവാഹികളുമായുള്ള ചർച്ചയിൽ മുഖ്യമന്ത്രി പറഞ്ഞു. കാശ്മീരിലെ വിനോദസഞ്ചാര വ്യവസായ സംരംഭകരും പങ്കെടുത്തു. കാശ്മീരികളുടെ പ്രധാന ജീവനോപാധി കൂടിയായതിനാൽ ടൂറിസം ശക്തമാക്കേണ്ടത് അനിവാര്യമാണെന്ന് ടി.എ.എ.ഐ ദേശീയ പ്രസിഡന്റ് സുനിൽകുമാർ പറഞ്ഞു. അടുത്ത സീസൺ ആരംഭിക്കുന്ന സെപ്തംബർ മുതൽ സഞ്ചാരികളെ എത്തിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കാശ്മീർ സുരക്ഷിതമാണെന്ന് പരിപാടിയിൽ പങ്കെടുത്ത ടി.എ.എ.ഐ കേരളഘടകം സെക്രട്ടറി അഷ്റഫ് കുന്നുമ്മൽ കേരളകൗമുദിയോട് പറഞ്ഞു. ഭീകരാക്രമണമുണ്ടായ പഹൽഹാമിന് പുറമെ ലാൽചൗക്ക്, ഗുൽമാർഗ് തുടങ്ങിയ പ്രധാന ടൂറിസം കേന്ദ്രങ്ങൾ സന്ദർശിച്ചു. ആശങ്കപ്പെടേണ്ട സാഹചര്യമില്ല.

**കാശ്മീരിനായി**

* സെപ്തംബർവരെ രാജ്യവ്യാപക പ്രചാരണം
* പ്രമുഖ നഗരങ്ങളിൽ റോഡ് ഷോകൾ
* പ്രത്യേക ടൂറിസം പാക്കേജുകൾ
* ദക്ഷിണേന്ത്യൻ സഞ്ചാരികൾക്ക് മുൻഗണന
* നിരക്കിളവിന് വിമാനക്കമ്പനികളുമായി ചർച്ച
* തെറ്റിദ്ധാരണ നീക്കാൻ ബോധവത്കരണം

# സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ പ്ലാറ്റിനം ജൂബിലി ആഘോഷം



കൊച്ചി: ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ(എസ്.ബി.ഐ) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 70,000 യൂണിറ്റ് രക്തം ക്യാമ്പുകളിലൂടെ ശേഖരിച്ച് ബ്ലഡ് ബാങ്കുകൾക്ക് നൽകുന്ന പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ 40ൽ അധികം സർക്കാർ ബ്ലഡ് ബാങ്കുകളുമായി സഹകരിച്ച് കേരളത്തിലുടനീളം ജൂൺ 25 വരെ നീളുന്ന മഹാ രക്തദാന യജ്ഞം നടക്കും. തിരുവനന്തപുരത്ത് എസ്.ബി.ഐ റീജിയണൽ ഓഫീസ് 2ന്റെ നേതൃത്വത്തിൽ ഈ പദ്ധതിയുടെ ആദ്യക്യാമ്പ് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളെജിൽ നടന്നു. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്കുമായി സഹകരിച്ചു നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം പി.ടി.സി പ്രിൻസിപ്പൽ രമേശ് കുമാർ പി എൻ നിർവഹിച്ചു. റീജിയണൽ മാനേജർ ജി.എസ് റോഷൻ, ചീഫ് മാനേജർ രാംജിത്ത്, ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ സീന വി നെറ്റോ എന്നിവർ പങ്കെടുത്തു.

# മുന്നോട്ട് കുതിച്ച് : ഇന്ത്യയിൽ ഉൽപ്പന്ന നിരയും ഷോറൂം ശൃംഖലയും വിപുലീകരിക്കാൻ സ്കോഡ ഓട്ടോ


## 2025 സ്കോഡ ഓട്ടോ ഇന്ത്യയുടെ 'സുപ്രധാനാ വർഷം'

* ശക്തവും ഭാവിക്ക് അനുയോജ്യമായ ഒരു ബ്രാൻഡ് നിർമ്മിക്കുകയും ഉപഭോക്താക്കളുമായി കൂടുതൽ അടുക്കുകയും ചെയ്യുക
* സമ്പൂർണ്ണ ഉൽപ്പന്ന പോർട്ട്ഫോളിയോ ഉപയോഗിച്ച് ഉപഭോക്തൃ കേന്ദ്രീകൃതത വർദ്ധിപ്പിക്കുക
* റാപിഡ് നെറ്റ്വർക്ക് വികാസത്തിലൂടെ പ്രവേശനക്ഷമത വർദ്ധിപ്പിക്കുക
* സമാനതകളില്ലാത്ത ഉടമസ്ഥാവകാശ അനുഭവം ഉറപ്പാക്കാൻ പുതിയ സംരംഭങ്ങൾ നടപ്പിലാക്കുക

**മുംബൈ:** ലോകമെമ്പാടുമുള്ള സ്കോഡ ഓട്ടോയ്ക്ക് 2025 ഒരു സുപ്രധാന നാഴികക്കല്ലാണ്, സമ്പന്നമായ ചരിത്രത്തിന്റെ 130 വർഷവും ഇന്ത്യയിൽ ആവേശകരമായ 25 വർഷങ്ങളും ആഘോഷിക്കുന്നു. ഉപഭോക്താക്കളുമായി കൂടുതൽ അടുക്കുക എന്ന തന്ത്രത്തെ അടിസ്ഥാനമാക്കി, ഇന്ത്യൻ വിപണിയിൽ ആക്കം കൂട്ടുന്നതിനായി സ്കോഡ ഓട്ടോ ഇന്ത്യ നിരവധി സുപ്രധാന ബ്രാൻഡ്, ഉൽപ്പന്നം, നെറ്റ്വർക്ക്, ഉപഭോക്തൃ കേന്ദ്രീകൃത സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. “യൂറോപ്പിന് പുറത്ത് സ്കോഡ ഓട്ടോയുടെ ഏറ്റവും പ്രധാനപ്പെട്ട വളർച്ചാ വിപമണിയാണ് ഇന്ത്യ. ലക്ഷ്യബോധവും, കാഴ്ചപ്പാടിന്റെ വ്യക്തതയും, നിർവ്വഹണത്തിലെ ചടുലതയും ഉള്ള ശക്തമായ, ഭാവിക്ക് അനുയോജ്യമായ ഒരു ബ്രാൻഡ് കെട്ടിപ്പടുക്കുന്നതിലാണ് ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വികസിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്തൃ ആവശ്യങ്ങളും അഭിലാഷങ്ങളും കണക്കിലെടുത്ത്, ഞങ്ങളുടെ പുരോഗതിയിലേക്കുള്ള യാത്രയ്ക്ക് ഇന്ധനം നൽകുന്നതാണ് ഞങ്ങളുടെ ശക്തമായ ഉൽപ്പന്ന തന്ത്രം. ഞങ്ങൾ ഉപഭോക്താക്കളുമായി കൂടുതൽ അടുക്കുന്നു, തന്ത്രപരമായി ഞങ്ങളുടെ നെറ്റ്വർക്ക് വികസിപ്പിക്കുന്നു, ഗുണനിലവാരം, സുരക്ഷ, മൂല്യം എന്നിവയുടെ പാരമ്പര്യം ശക്തിപ്പെടുത്തുന്നു. ഞങ്ങളുടെ എല്ലാ ബിസിനസ്സ് അനിവാര്യതകളിലും ചക്രങ്ങൾ ചലിക്കുന്നതോടെ, 2025 ഞങ്ങൾ ബ്രാൻഡിനെ ഗണ്യമായി ശക്തിപ്പെടുത്തുകയും ഇന്ത്യയിൽ മുന്നേറുകയും ചെയ്യുന്ന വർഷമായിരിക്കുമെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത വ്യക്തമാക്കി.

**ശക്തമായ ഉൽപ്പന്ന മികവ്**

'എല്ലാവർക്കും വേണ്ടിയുള്ള എസ്‌യുവി' എന്നതും അതിന്റെ സെഡാൻ പൈതൃകം വർദ്ധിപ്പിക്കുന്നതും സ്കോഡ ഓട്ടോ ഇന്ത്യയുടെ ശക്തമായ ഉൽപ്പന്ന മികവ് ഉൾപ്പെടുന്നു. കൈലാഖ്, കുഷാഖ്, കൊഡിയാക്ക് എന്നിവ എല്ലാ എസ്‌യുവി അഭിലാഷങ്ങളെയും വിലനിലവാരങ്ങളെയും നിറവേറ്റുന്നതിനൊപ്പം, സ്കോഡ ഓട്ടോ ഇന്ത്യ സ്ലാവിയയും ഉടൻ പുറത്തിറങ്ങാനിരിക്കുന്ന 'ആഗോള ഐക്കണും' നയിക്കുന്ന സെഡാൻ പാരമ്പര്യവും നിർമ്മിക്കും. ,




**പുതിയ വിപണികളിലേക്ക്**

ടയർ കക, ടയർ കകക വിപണികളിലേക്ക് വ്യാപിപ്പിക്കുക എന്ന കാഴ്ചപ്പാടോടെ സ്കോഡ ഓട്ടോ ഇന്ത്യ തുടരുന്നു. ഇന്ന് 165–ലധികം നഗരങ്ങളിൽ നിന്ന്, ഈ വർഷം 200–ലധികം നഗരങ്ങളിൽ സാന്നിധ്യം സ്ഥാപിക്കാൻ ബ്രാൻഡ് ലക്ഷ്യമിടുന്നു. 2021–ൽ 120 കസ്റ്റമർ ടച്ച്പോയിന്റുകളിൽ നിന്ന് ഇന്ന് 290–ലധികമായി കമ്പനി വളർന്നു, 2025 അവസാനത്തോടെ 350 ടച്ച്പോയിന്റുകൾ എന്ന ലക്ഷ്യത്തോടെ.

**പുതിയ ബിസിനസ് വഴികൾ പര്യവേക്ഷണം ചെയ്യുന്നു**

സർട്ടിഫൈഡ് പ്രീ–ഓൺഡ് ബിസിനസ്സ് പോലുള്ള ബിസിനസ് രംഗങ്ങളിലേക്കും കൂടുതൽ ശക്തിപ്പെടുത്തി വളർച്ചയ്ക്ക് കരുത്ത് പകരുക എന്നതാണ് സ്കോഡ ഓട്ടോ ഇന്ത്യയുടെ വ്യക്തമായ ലക്ഷ്യം. സർക്കാർ ഏജൻസികൾ, മറ്റ് ഫ്ലീറ്റുകൾ എന്നിവയ്ക്ക് ഇതിനകം സേവനം നൽകുന്നുണ്ടെങ്കിലും, കോർപ്പറേറ്റ്, ഗ്രാമീണ ചാനലുകൾ മെച്ചപ്പെടുത്തുന്നതിനൊപ്പം ഈ വഴികളിൽ നിന്ന് കൂടുതൽ വളർച്ച നേടുന്നതിനുള്ള പുതുക്കിയ പ്രവർത്തനങ്ങളിൽ ബ്രാൻഡ് ശ്രദ്ധ കേന്ദ്രീകരിക്കും.

**ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുക**

ഉപഭോക്തൃ സമ്പർക്ക കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനൊപ്പം, വിശ്വസ്തത വർദ്ധിപ്പിച്ച് വിശ്വാസം വളർത്തിയെടുക്കുന്നതിലൂടെ വാങ്ങലിന്റെയും ഉടമസ്ഥാവകാശ അനുഭവത്തിന്റെയും ഗുണനിലവാരത്തിലും സ്കോഡ ഓട്ടോ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എല്ലാ കാറുകൾക്കും സൂപ്പർകെയർ സ്റ്റാൻഡേർഡായി നൽകുന്ന ബ്രാൻഡാണ് സ്കോഡ , പിന്നീട് ഉടമസ്ഥതയുടെ രണ്ടാം വർഷത്തിന്റെ അവസാനത്തിലോ 30,000 കിലോമീറ്റർ പൂർത്തിയാക്കിയ ശേഷമോ (ഏതാണോ ആദ്യം) ഉപഭോക്താക്കൾ പതിവ് സർവീസിനുള്ള പണം നൽകേണ്ടതുള്ളൂ. സ്കോഡ കാർ സ്വന്തമാക്കുമ്പോൾ പൂർണ്ണ മനസ്സമാധാനം ഉറപ്പാക്കുന്ന വാറന്റി പാക്കേജുകളും മറ്റ് സേവന ഓഫറുകളും ഉണ്ട്.

# ലുലു ഇ.വി എക്സ്പോയ്ക്ക് ഇന്ന് സമാപനം





കൊച്ചി: ഇലക്ട്രിക്ക് വാഹന ലോകത്തെ വിസ്മയക്കാഴ്ചകളൊരുക്കുന്ന ലുലു ഇ.വി ഓട്ടോ എക്സ്പോയ്ക്ക് വൻ സ്വീകരണം. മൂന്ന് ദിവസങ്ങളിലായി ലുലുമാളിൽ നടക്കുന്ന ഇ.വി എക്സ്പോ ഇന്ന് സമാപിക്കും. വാഹനപ്രേമികളെ ഇ.വി സാങ്കേതികവിദ്യയുടെ പുതിയ സാദ്ധ്യതകൾ അറിയിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രമുഖ ഓട്ടോമൊബൈൽ വ്ളോഗറും മാധ്യമപ്രവർത്തകനുമായ ബൈജു എൻ.നായർ എക്സ്പോ ഉദ്ഘാടനം ചെയ്തു. ആഭ്യന്തര, ആഗോള വാഹനനിർമാതാക്കളുടെ പുതുപുത്തൻ മോഡലുകൾ പ്രദർശനത്തിലുണ്ട്. ലുലു ഗ്രൂപ്പ് ഇന്ത്യ എച്ച് ആർ. ഹെഡ് അനൂപ മജീദ്, കൊച്ചി ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ. നാഥ്, മാൾ മാനേജർ രജീഷ് ചാലുംമ്പറമ്പിൽ, സെക്യൂരിറ്റി മാനേജർ ബിജു, ഓപ്പറേഷൻസ് സീനിയർ മാനേജർ ഒ.സുകുമാരൻ, ലുലു ഇവന്റ്സ് ജനറൽ മാനേജർ ദിലു വേണുഗോപാൽ, ലുലു സീനിയർ ചീഫ് എൻജിനിയർ പി പ്രസാദ്, മാർക്കറ്റിംഗ് മാനേജർ സനു എസ്., ലീസിംഗ് മാനേജർ റീനാ സൂസൻ ഫിലിപ്പ് തുടങ്ങിയവർ പങ്കെടുത്തു.




# ഇത് ചരിത്രം; ദക്ഷിണാഫ്രിക്ക ഐസിസി ലോക ടെസ്റ്റ് ചാമ്പ്യൻമാർ


ലോർഡ്സ്: 27 വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ ഒരു ഐസിസി കിരീടം ദക്ഷിണാഫ്രിക്കൻ മണ്ണിലേക്ക്. ക്രിക്കറ്റിന്റെ മെക്കയായ ലോർഡ്സിൽ നടന്ന ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയയെ അഞ്ചു വിക്കറ്റിന് കീഴടക്കിയാണ് ദക്ഷിണാഫ്രിക്ക ജേതാക്കളായത്. ഐസിസി ടൂർണമെന്റുകളിലെ നോക്കൗട്ട് ഘട്ടങ്ങളിൽ വീണുപോകുന്നവരെന്ന പഴി ഇനി ദക്ഷിണാഫ്രിക്കയ്ക്കില്ല. കഴിഞ്ഞ വർഷം ടി20 ലോകകപ്പ് ഫൈനലിൽ ഇന്ത്യയോടേറ്റ തോൽവിയിൽ വേദനിച്ച ആരാധകർക്ക് മറ്റൊരു ഐസിസി കിരീടത്തോടെ ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് ടീം ആശ്വാസ മേകിയിരിക്കുന്നു. 1998-ൽ ബംഗ്ലാദേശിൽ നടന്ന ഐസിസി നോക്കൗട്ട് ട്രോഫി വിജയിച്ച ശേഷം 27 വർഷങ്ങൾക്കിപ്പുറം ദക്ഷിണാഫ്രിക്കയ്ക്ക് മറ്റൊരു ഐസിസി കിരീടം കൂടി. സ്കോർ: ഓസ്ട്രേലിയ 212/10, 207/10. ദക്ഷിണാഫ്രിക്ക 138/10, അഞ്ചിന് 282. സെഞ്ചുറിയുമായി മുന്നിൽ നിന്ന് നയിച്ച ഓപ്പണർ ഏയ്ഡൻ മാർക്രത്തിന്റെ ഇന്നിങ്സിന് ഇനി പ്രോട്ടീസിന്റെ ക്രിക്കറ്റ് ചരിത്രത്തിലാണ് സ്ഥാനം. 207 പന്തുകൾ നേരിട്ട മാർക്രം 136 റൺസെടുത്ത് ടീം വിജയത്തിന് തൊട്ടടുത്തെത്തിയപ്പോഴാണ് പുറത്തായത്. ജയിക്കാൻ ആറു റൺസ് വേണ്ടിയിരുന്നപ്പോൾ കൂറ്റനടിക്ക് ശ്രമിച്ച മാർക്രത്തിന് പിഴയ്ക്കുകയായിരുന്നു. കാലിലെ പേശീവലിവ് അലട്ടിയിട്ടും ടീമിനായി ക്രീസിൽ തുടർന്ന ക്യാപ്റ്റൻ ടെംബ ബവുമയുടെ ഇന്നിങ്സിന് കൈയടിക്കാതിരിക്കുന്നതെങ്ങിനെ. മൂന്നാം വിക്കറ്റിൽ മാർക്രം – ബവുമ സഖ്യം കൂട്ടിച്ചേർത്ത 147 റൺസിന്റെ നിർണായക കൂട്ടുകെട്ടാണ് കിരീട വിജയത്തിൽ നിർണായകമായത്. 134 പന്തുകൾ കീസിൽ നിന്ന് 66 റൺസെടുത്താണ് ബവുമ മടങ്ങിയത്. അഞ്ചു ബൗണ്ടറികളടങ്ങുന്നതായിരുന്നു ക്യാപ്റ്റന്റെ ഇന്നിങ്സ്. 21 റൺസുമായി ഡേവിഡ് ബെഡിങ്ങാമും നാലു റൺസുമായി കൈൽ വെരെയ്നും പുറത്താകാതെ നിന്നു. രണ്ടു വിക്കറ്റ് നഷ്ടത്തിൽ 213 റൺസെന്ന നിലയിൽ നാലാം ദിനം ബാറ്റിങ് തുടങ്ങിയ പ്രോട്ടീസിന് ടെംബ ബവുമയുടെ വിക്കറ്റാണ് ആദ്യം നഷ്ടമായത്. നാലാം ദിനം ബാറ്റിങ് ആരംഭിച്ച അവർക്ക് നാലു റൺസ് കൂട്ടിച്ചേർത്തപ്പോഴേക്കും വിക്കറ്റ് നഷ്ടമായി. ബവുമയെ, പാറ്റ് കമ്മിൻസിന്റെ പന്തിൽ വിക്കറ്റ് കീപ്പർ അലക്സ് കാരി പിടികൂടുകയായിരുന്നു. തുടർന്ന് മാർക്രത്തിന് പിന്തുണ നൽകി ക്രീസിൽ തുടർന്ന ട്രിസ്റ്റൻ സ്റ്റബ്സിനെ സ്റ്റാർക്ക് പുറത്താക്കി. 43 പന്തുകൾ നേരിട്ട് എട്ടു റൺസായിരുന്നു സ്റ്റബ്സിന്റെ സമ്പാദ്യം. നേരത്തെ ഓസ്ട്രേലിയയുടെ രണ്ടാമിന്നിങ്സ് 207 റൺസിന് അവസാനിച്ചിരുന്നു. ആദ്യ ഇന്നിങ്സിൽ 74 റൺസ് ലീഡ് നേടിയിരുന്ന ഓസീസിന് മൊത്തം 281 റൺസ് ലീഡ് ലഭിച്ചു. 282 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത പ്രോട്ടീസിന് മൂന്നാം ഓവറിൽ തന്നെ ഓപ്പണർ റയാൻ റിക്കെൽട്ടണെ നഷ്ടമായിരുന്നു. ആറു റൺസെടുത്ത താരത്തെ മിച്ചൽ സ്റ്റാർക്കാണ് പുറത്താക്കിയത്. പിന്നാലെ രണ്ടാം വിക്കറ്റിൽ മാർക്രം – വിയാൻ മൾഡർ സഖ്യം 61 റൺസ് ചേർത്തതോടെ പ്രോട്ടീസ് ഇന്നിങ്സ് ട്രാക്കിലായി. 50 പന്തിൽ നിന്ന് 27 റൺസെടുത്ത മൾഡറെയും സ്റ്റാർക്കാണ് പുറത്താക്കിയത്. തുടർന്നായിരുന്നു ടെസ്റ്റിന്റെ വിധി നിർണയിച്ച മാർക്രം – ബവുമ കൂട്ടുകെട്ടിന്റെ പിറവി.

## ന്യൂസീലൻഡ് – ഇന്ത്യ ട്വന്റി 20 ക്രിക്കറ്റ് തിരുവനന്തപുരത്ത്



തിരുവനന്തപുരം: ന്യൂസീലൻഡ് ക്രിക്കറ്റ് ടീമിന്റെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായുള്ള ട്വന്റി 20 മത്സരത്തിന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം വേദിയാകും. 2026 ജനുവരിയിലാണ് മൂന്ന് ഏകദിനങ്ങളും അഞ്ച് ട്വന്റി 20 മത്സരങ്ങളുമടങ്ങുന്ന പര്യടനത്തിനായി ന്യൂസീലൻഡ് ടീം എത്തുന്നത്. ജയ്പുർ, മൊഹാലി, ഇന്ദോർ, രാജ്കോട്ട്, ഗുവാഹാട്ടി, ഹൈദരാബാദ്, നാഗ്പുർ എന്നിവിടങ്ങളിലാണ് മറ്റ് മത്സരങ്ങൾ നടക്കുക. മത്സരത്തിന്റെ തീയതികൾ പിന്നീട് പ്രഖ്യാപിക്കും. 2026 ഫെബ്രുവരിയിൽ ഇന്ത്യയും ശ്രീലങ്കയും ആതിഥേയത്വം വഹിക്കുന്ന ട്വന്റി 20 ലോകകപ്പിന് മുന്നോടിയായിട്ടാണ് മത്സരമെന്നത് ശ്രദ്ധേയമാണ്. ഇതിനുശേഷം ഏപ്രിലിൽ കാര്യവട്ടം ഇന്ത്യയുടെ ഒരു ഏകദിന മത്സരത്തിന് വേദിയാകുമെന്നും ബിസിസിഐ കേരള ക്രിക്കറ്റ് അസോസിയേഷനെ അറിയിച്ചിട്ടുണ്ട്. 2023 നവംബറിൽനടന്ന ട്വന്റി 20 മത്സരത്തിൽ ഓസ്ട്രേലിയയെ ഇന്ത്യ 44 റൺസിന് പരാജയപ്പെടുത്തിയിരുന്നു. അതിനുശേഷം ഏകദിന ലോകകപ്പിന്റെ ഭാഗമായ പരിശീലനമത്സരങ്ങളും ഇവിടെ നടന്നിരുന്നു. അടുത്ത സെപ്റ്റംബറിൽ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന വനിതാ ലോകകപ്പ് മത്സരങ്ങൾക്ക് ആദ്യം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തെ പരിഗണിച്ചിരുന്നു. എന്നാൽ, ഐസിസിയുടെ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാൻ സ്റ്റേഡിയം നടത്തിപ്പ് ചുമതലയുള്ള ഏജൻസിക്ക് കഴിയാത്തത് തിരിച്ചടിയായി.

## ഓസീസിനെ വെള്ളംകുടിപ്പിച്ച് മാർക്രം; വൈറലായി കോലിയുടെ ഏഴ് വർഷം മുമ്പത്തെ പോസ്റ്റ്







ലണ്ടൻ: ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരേ സെഞ്ചുറിയുമായി ദക്ഷിണാഫ്രിക്കയുടെ വിജയപ്രതീക്ഷകൾക്ക് ചുക്കാൻ പിടിച്ചിരിക്കുകയാണ് ഏയ്ഡൻ മാർക്രം. ക്ഷമയോടെ നിലയുറപ്പിച്ച് ഓസീസിന്റെ ലോകോത്തര പേസ് ആക്രമണത്തെ ചെറുത്തുനിന്ന മാർക്രം 159 പന്തിൽ നിന്ന് 102* റൺസുമായി ക്രീസിലുണ്ട്. മാർക്രത്തിന്റെ സെഞ്ചുറി നേട്ടത്തിനു പിന്നാലെ സോഷ്യൽ മീഡിയയിൽ നിറയുന്നത് ഏഴു വർഷം മുമ്പ് ഇന്ത്യൻ താരം വിരാട് കോലി എക്സിൽ പങ്കുവെച്ച വാക്കുകളാണ്. 2018 മാർച്ചിൽ കേപ് ടൗണിലെ ന്യൂലാൻഡ്സിൽ നടന്ന കുപ്രസിദ്ധമായ മൂന്നാം ടെസ്റ്റിൽ ഓസ്ട്രേലിയയ്ക്കെതിരേ 84 റൺസ് നേടിയതിനു പിന്നാലെയാണ് കോലി, മാർക്രത്തെ പ്രശംസിച്ച് 'Aiden Markram is a delight to watch!' എന്ന് കുറിച്ചത്. ഈ പോസ്റ്റാണ് ഇപ്പോൾ ആരാധകർ വ്യാപകമായി സോഷ്യൽ മീഡിയയിൽ പങ്കുവെയ്ക്കുന്നത്. അക്കാലത്ത് ദക്ഷിണാഫ്രിക്കയുടെ വളർന്നുവരുന്ന താരമായിരുന്നു മാർക്രം. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്കയ്ക്ക് വിജയപ്രതീക്ഷ സമ്മാനിച്ച് ക്രിക്കറ്റ് ലോകത്തെ ചർച്ചയാകുകയാണ് മാർക്രം. ഇതിനിടെയാണ് മാർക്രത്തിലെ പ്രതിഭയെ വർഷങ്ങൾക്കു മുമ്പുതന്നെ തിരിച്ചറിഞ്ഞ കോലിയെ ആരാധകർ വാഴ്ത്തുന്നത്. ഒരു ഐസിസി ടൂർണമെന്റിന്റെ ഫൈനലിൽ സെഞ്ചുറി നേടുന്ന ആദ്യ ദക്ഷിണാഫ്രിക്കൻ താരമെന്ന റെക്കോഡുകൂടി മാർക്രം സ്വന്തമാക്കി.

EDITORS CHOICE

## വിമാനദുരന്തം: കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ തിരിച്ചറിയാൻ എങ്ങിനെയാണ് DNA സഹായിക്കുന്നത്?

രാജ്യത്തെ ഞെട്ടിച്ച വിമാനദുരന്തമായിരുന്നു വ്യാഴാഴ്ച അഹമ്മദാബാദിലുണ്ടായത്. ഉച്ചയോടെ ലണ്ടനിലേക്കുള്ള എയർ ഇന്ത്യ 171 ബോയിങ് ഡ്രീംലൈനർ 787-8 വിമാനം ജനവാസകേന്ദ്രത്തിൽ തകർന്നുവീഴുകയായിരുന്നു. വിമാനത്തിലെ ഒരാളൊഴികെ മുഴുവൻ യാത്രക്കാർക്കും ക്രൂ അംഗങ്ങൾക്കും ജീവൻ നഷ്ടമായി. പറന്നുയർന്നയുടൻ ബിജെ മെഡിക്കൽ കോളേജ് ഹോസ്റ്റലിനു മുകളിൽ വിമാനം തകർന്നുവീണ് കത്തുകയായിരുന്നു. മെസ്സിൽ ഭക്ഷണം കഴിക്കാനെത്തിയ ഏതാനും എംബിബിഎസ് വിദ്യാർഥികളും മരിച്ചു. 1.25 ലക്ഷം ലിറ്റർ ഇന്ധനവുമായി പറന്ന വിമാനം തകർന്നടിഞ്ഞത് വലിയ പൊള്ളലുകൾക്ക് ഇടയാക്കി. പറന്നയുടൻ തന്നെ വിമാനം തകർന്നതും ദുരന്തത്തിന്റെ വ്യാപ്തി വർധിച്ചു. കണ്ടാൽ തിരിച്ചറിയാനാകാത്ത വിധം ഗുരുതരമായി പൊള്ളലേറ്റ് കത്തിക്കരിഞ്ഞ നിലയിലാണ് മൃതദേഹങ്ങൾ. നിലവിൽ ഡിഎൻഎ ടെസ്റ്റ് നടത്തിയാണ് നടത്തിയാണ് അപകടത്തിൽപ്പെട്ടവരെ തിരിച്ചറിയുന്നത്. ഏകദേശം 72 മണിക്കൂർ ടെസ്റ്റുകളുടെ ഫലം ലഭിക്കാനെടുക്കുമെന്നാണ് റിപ്പോർട്ടുകൾ. എന്നാൽ, എങ്ങിനെയാണ് കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ തിരിച്ചറിയാൻ ഡിഎൻഎ സഹായിക്കുന്നത് എന്ന് പരിശോധിക്കാം. ഓരോ മനുഷ്യകോശത്തിലും കാണപ്പെടുന്ന തനതായ ജനിതക കോഡ് ആണ് ഡിഎൻഎ. ശരീരത്തിലെ ഏതെങ്കിലും കോശം, അസ്തി, പല്ല് എന്നിവയിൽ നിന്ന് ഡിഎൻഎ വേർതിരിച്ചെടുക്കാൻ കഴിയും. വൻ സ്ഫോടനങ്ങളോ അല്ലെങ്കിൽ ഉയർന്ന താപമുള്ള സ്ഥലങ്ങളിലോ പോലും ഇത് സാധ്യമാണ്. ഫോറൻസിക് സംഘത്തിന്റെ നേതൃത്വത്തിൽ അപകടസ്ഥലത്ത് നിന്ന് ഈ സാമ്പിളുകൾ ശേഖരിക്കും. തുടർന്ന്, മരിച്ചവരുടെ അടുത്ത ബന്ധുക്കൾ നൽകുന്ന റെഫറൻസ് ഡിഎൻഎയുമായോ വ്യക്തിഗത വസ്തുക്കളായ ടൂത്ത് ബ്രഷുകൾ, ചീപ്പുകൾ, പഴയ മെഡിക്കൽ രേഖകൾ എന്നിവയറിയുമായോ അവ താരതമ്യം ചെയ്യും. ഡിഎൻഎ പ്രൊഫൈലിംഗ് എന്നാണ് ഈ പ്രക്രിയ അറിയപ്പെടുന്നത്. ഇത്തരം ദുരന്തങ്ങളുണ്ടാകുമ്പോൾ കുടുംബങ്ങൾക്ക് തങ്ങളുടെ പ്രിയപ്പെട്ടവരെ തിരിച്ചറിയാൻ സഹായിക്കുന്ന മാർഗമാണ് ഡിഎൻഎ പ്രൊഫൈലിംഗ്. കൂടാതെ, ഔദ്യോഗിക രേഖകൾക്കും നിയമപരവും ഇൻഷുറൻസ് പരിരക്ഷയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കും അത്യാവശ്യമായ മരണ സർട്ടിഫിക്കറ്റുകൾക്കുമെല്ലാം സമർപ്പിക്കാനാകുന്ന ആധികാരിക രേഖയാണിത്.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com